I.ഇ.ബി. XII കേരള നിയമസഭ/X-8

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ഫെബ്രുവരി 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

ചെങ്ങറയിലെ ഭൂസമരം

മി. സ്പീക്കർ : ആദിവാസി ദളിത് വിഭാഗത്തിൽപ്പെട്ടവരും മറ്റ് അവശ വിഭാഗങ്ങളും കിടക്കാടത്തിനും കൃഷിയിടത്തിനുമായി ചെങ്ങറയിൽ നടത്തുന്ന സമരം 570 ദിവസം പിന്നിട്ടിട്ടും മുഖ്യമന്ത്രിയോ സഹപ്രവർത്തകരോ തിരിഞ്ഞുനോക്കാൻപോലും കൂട്ടാക്കുന്നില്ല. തൊഴിലാളികളേയും സമരം നടത്തുന്നവരേയും തമ്മിലടിപ്പിച്ച് മുതലെടുപ്പ് നടത്താനുള്ള ശ്രമമാണ് നടക്കുന്നത്. ഇതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ. ബി. ഗണേഷ്

കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ചെങ്ങറയിൽ സമരം നടത്തുന്നവരുടെ ആവശ്യം ഭൂരഹിതർക്ക് ഭൂമി നൽകണമെന്നതാണ്. ഭൂരഹിതർക്ക് ഭൂമി നൽകുക എന്ന നയത്തിൽ നിന്ന് സർക്കാർ പിൻവാങ്ങുകയില്ല. സമരസമിതി നേതാക്കളുമായി മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ധാരാളം ചർച്ചകൾ നടത്തി. ഈ പ്രശ്നത്തിന് പരിഹാരം കാണാനും ഭൂരഹിതർക്ക് ഭൂമി നൽകാനും സർക്കാർ സന്നദ്ധമാണ്. എന്നാൽ ചെങ്ങറയിൽ ഇപ്പോൾ സമരം നടക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് തീർപ്പ് കൽപ്പിക്കേണ്ടതുള്ളതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ വൈഷമ്യമുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളോട് എല്ലാവരും സഹകരിക്കണം. പ്രതിപക്ഷനേതാവുൾപ്പെടെ ഉന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച് ഈ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രിയും മറ്റ് രണ്ട് മന്ത്രിമാരും സമരനേതാക്കളും പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലുള്ളവരും സന്നദ്ധസംഘടനാനേതാക്കളുമായി ദർബാർ ഹാളിൽവച്ച് നടത്തിയ ചർച്ചയിൽ ഏകപക്ഷീയമായ നിലപാടാണ് സമരസമിതി നേതാക്കൾ സ്വീകരിച്ചത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടെ പാവപ്പെട്ട എല്ലാവർക്കും വീടും ഭൂമിയും നൽകാനുള്ള സമഗ്രമായ ഒരു പദ്ധതി മന്ത്രിസഭ ചർച്ചചെയ്യുകയും അതനുസരിച്ചുള്ള പരിപാടി അവതരിപ്പിക്കുകയും ചെയ്തതാണ്. എന്നാൽ അതിനോടൊന്നും യോജിക്കാത്ത നിലപാടാണുണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : 570 ദിവസമായി ചെങ്ങറയിൽ നടക്കുന്ന സമരം ഒരു സാമൂഹ്യപ്രശ്നമാണ്. വളരെ പരിതാപകരമായ അവസ്ഥയാണ് അവിടെയുള്ളത്. കൊച്ചുകുട്ടികളും അമ്മമാരുമുൾപ്പെടെ 22000-ഓളം ആളുകളെ കഷ്ടപ്പെടുത്തുന്ന സമീപനം ഒരിക്കലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഇത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് മൂന്ന് കത്തുകളയച്ചു. അവിടെ തൊഴിലാളികളേയും സമരക്കാരേയും തമ്മിലടിപ്പിച്ച് സംഘർഷം സൃഷ്ടിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. തൊഴിലാളികൾക്ക് തൊഴിൽ, കുടിവെള്ളം, മരുന്ന്, കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം എന്നിവ നൽകണമെന്ന് ആവശ്യപ്പെട്ടപ്പോൾ മരുന്ന് കൊടുക്കാൻ തീരുമാനമെടുത്തെങ്കിലും അതും കൊടുക്കാൻ പറ്റില്ല എന്ന നിലപാടാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ചെങ്ങറയിൽ സമരം ചെയ്യുന്നവരുമായി സംസാരിച്ച് പ്രശ്നം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ചെങ്ങറയിൽ നടത്തുന്ന സമരം അവസാനിപ്പിക്കാൻ പ്രതിപക്ഷനേതാവ് ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് നടപടി എടുക്കാത്തതിൽ പ്രതിഷേധിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u> : ഈ സർക്കാർ അധികാരത്തിൽവന്നശേഷം 2100 പട്ടികജാതിക്കാർക്കും 824 പട്ടികവർഗ്ഗക്കാർക്കും ഉൾപ്പെടെ 6749 പേർക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞു. പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന 6850 കുടുംബങ്ങൾക്ക് 9290.43 ഏക്കർ ഭൂമിയുടെ കൈവശരേഖയും നൽകിക്കഴിഞ്ഞു. സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന 14408 ആദിവാസി കുടുംബങ്ങൾക്കും കൈവശരേഖ നൽകി. ചെങ്ങറ സമരവുമായി ബന്ധപ്പെട്ട് ഭൂരഹിതർക്ക് 5 ഏക്കർ ഭൂമിയും

50000 രൂപയും നൽകണമെന്ന ആവശ്യമാണ് ഇപ്പോൾ ഉന്നയിക്കുന്നത്. കേരളത്തിൽ ഭൂരഹിതർക്ക് 4 സെന്റ് മുതൽ 50 സെന്റ് വരെ ഭൂമി കൊടുക്കുന്ന നടപടിയുമായി പോകുന്നുണ്ട്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ഭൂമിക്കുവേണ്ടി ആദിവാസികളും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളും നടത്തുന്ന സമരത്തിന്റെ ഗൗരവത്തെ കുറച്ചുകാണുന്നില്ല. സമരം ആരംഭിച്ചശേഷം പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിക്ക് മൂന്ന് കത്തുകളയയ്ക്കുകയുണ്ടായി. അവസാനം അയച്ച കത്തിൽ ഈ സമരം രമ്യമായി പരിഹരിക്കാനുള്ള പോസിറ്റീവായ സമീപനമാണ് ഉണ്ടായിരുന്നത്. അതിന്റെ ഭാഗമായി 23-11-2008-ൽ മുഖ്യമന്ത്രി 35-ഓളം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളുടെ യോഗം വിളിച്ചുചേർത്തു. ഈ സമരത്തെ രാഷ്ട്രീയലക്ഷ്യത്തോടെയല്ല കാണുന്നതെന്നും ഭൂമിക്കുവേണ്ടി പാവപ്പെട്ടവരും ജീവിക്കാൻവേണ്ടി തൊഴിലാളികളും ഏറ്റുമുട്ടുന്ന സ്ഥിതിവിശേഷം നാട്ടിലുണ്ടാകാൻ പാടില്ലെന്നും ഗവൺമെന്റിന്റെ പരിമിതികൾ മനസ്സിലാകുന്നതുകൊണ്ടാണ് ഭൂരഹിതർക്ക് കൊടുക്കേണ്ട ഭൂവിസ്തൃതിയെക്കുറിച്ച് പറയാതിരിക്കുന്നതെന്നും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഗവൺമെന്റ്തന്നെ ഇക്കാര്യം തീരുമാനിക്കട്ടെയെന്നുമാണ് യു. ഡി. എഫ്. നിലപാട് എന്നാണ് പ്രതിപക്ഷനേതാവിന്റെ കത്തിൽ പറഞ്ഞിട്ടുള്ളത്. പ്രതിപക്ഷനേതാവ് സമരം ഒത്തുതീർക്കാനായി വച്ച 6 നിർദ്ദേശങ്ങളോടും യാതൊരു വിയോജിപ്പുമില്ല. ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റ് കഴിയുന്നതുംവേഗം അളന്ന് തിട്ടപ്പെടുത്തി എസ്റ്റേറ്റിന് അവകാശപ്പെട്ടതിനേക്കാൾ കൂടുതലുള്ള ഭൂമി ഗവൺമെന്റ് ഏറ്റെടുക്കുന്ന പ്രക്രിയ ലാന്റ് ഇൻഫർമേഷൻ മിഷന്റെ നേതൃത്വ

ത്തിൽ ഭൂമികേരളം പദ്ധതിയിലൂടെ നടക്കുകയാണ്. 43 ശതമാനം വില്ലേജു കളിൽ മാത്രമേ റീസർവ്വേ നടത്തിയിട്ടുണ്ടായിരുന്നുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം മാത്രമാണ് ഫലപ്രദമായി റീസർവ്വേ നടത്തിയി ട്ടുള്ളത്. എസ്.സി./എസ്.ടി., ദളിത്, ക്രിസ്ത്യൻ വിഭാഗങ്ങൾക്കും മറ്റ് ഭൂരഹി തർക്കും അർഹതയുടെ അടിസ്ഥാനത്തിൽ ഭൂവിതരണത്തിനുള്ള നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി 6850 പേർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. സെറ്റിൽമെന്റ് കോളനിയിൽ താമസിക്കുന്ന 14408 ആദിവാസി കുടുംബങ്ങൾക്ക് കൈവശരേഖ കൊടുത്തു. എസ്റ്റേറ്റിന് അവകാശപ്പെട്ടതിൽ കൂടുതൽ ഭൂമി ഏറ്റെടുക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളിക്ക് സൗജന്യമായി ഭൂമി നൽകണം. സമരം തുടരുന്ന സാഹചര്യത്തിൽ തൊഴിലാളിക്ക് ഒരിക്കലും അങ്ങോട്ട് കടക്കാൻ പറ്റില്ല. അവർക്കാവശ്യമായ മരുന്നും ഭക്ഷണവും എത്തിച്ചു കൊടുത്തു. തൊഴിൽ നഷ്ടപ്പെട്ട 170 തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കണമെങ്കിൽ സമരക്കാരെ മാറ്റുകയും കേസുകൾ പിൻവലിക്കുകയും ചെയ്യണം. സ്വകാര്യ വ്യക്തിയുടെ ഭൂമിയി ലാണ് സമരം നടക്കുന്നത്. ആറളം ഫാം പ്രൈവറ്റ് ലിമിറ്റഡ് കമ്പനി എന്ന പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതിപക്ഷനേതാവ് പറഞ്ഞതനുസരിച്ചു ള്ള കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. ഉമ്മൻ ചാണ്ടി, തോമസ് ചാഴികാടൻ, പി. കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോ

ടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) കാർഷിക മേഖലയിലെ പ്രതിസന്ധി

ശ്രീ. സി.കെ.പി. പത്മനാഭൻ: കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ആസിയൻ കരാറിൽ ഒപ്പുവയ്പ്പിക്കുന്നതിന് ഏഷ്യൻ രാജ്യങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പ്രാഥമിക കരാറിൽ നേരത്തെതന്നെ കേന്ദ്രഗവൺമെന്റ് ഒപ്പിട്ടിരുന്നു. അന്തിമ കരാറിൽ ഈ മാസം ഒപ്പിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കരാറിൽ ഒപ്പിട്ടാൽ അത് കേരളത്തിന്റെ കാർഷിക മേഖലയെ പ്രത്യേകിച്ച് നാളികേര കൃഷിയെ ഗുരുതരമായി ബാധിക്കും. കേന്ദ്രഗവൺമെന്റ് നവംബർ മാസത്തിൽ ആരംഭിക്കേണ്ട കൊപ്രാ സംഭരണം ഇതുവരെ ആരംഭിക്കുകയോ വില നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. കേരളത്തിൽ പാമോയിൽ ഇറക്കുമതി ചെയ്യാൻപാടില്ലെന്ന സുപ്രീംകോടതി നിർദ്ദേശമുണ്ടായിരുന്നിട്ടും അനധികൃതമായി കേന്ദ്രഗവൺമെന്റ് പാമോയിൽ ഇറക്കുമതി ചെയ്യുകയാണ്. പാമോയിലിന് നൽകിയിരുന്ന സബ്സിഡി ലിറ്ററിന് 15 രൂപയിൽ നിന്ന് 25 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചതോടുകൂടി ലിറ്ററിന് 15 രൂപ നിരക്കിൽ പാമോയിൽ കിട്ടും. ഇതിന്റെഫലമായി വെളിച്ചെണ്ണയുടേയും മറ്റ് നാണ്യവിളകളുടേയും വില കുറയും. കടത്തുകൂലി വർദ്ധിപ്പിച്ചതിന്റെ ഭാഗമായി 240 കോടിയോളം രൂപ കേരളത്തിന് ബാദ്ധ്യതയുണ്ടാവും. റബ്ബറിന് 20 ശതമാനം ഇറക്കുമതി ചുങ്കമാണുള്ളത്. റബ്ബറിന്റെ സ്ഥാനത്താണ് ഇപ്പോൾ ടയർ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നത്

കുറയ്ക്കാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ രാസവള ത്തിന്റെ വില വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ആസിയൻ കരാർ തിടുക്കത്തിൽ ഒപ്പിടാൻ പാടില്ലെന്ന് കേന്ദ്രഗവൺമെന്റിനോട് സഭ ഒന്നടങ്കം ആവശ്യപ്പെടണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സാമ്പത്തിക പ്രതിസന്ധി കാർഷിക മേഖലയേയും രാജ്യത്തേയും എങ്ങനെ ബാധിക്കു മെന്നതു സംബന്ധിച്ച് വേണ്ടത്ര പഠനമില്ലാതെ, കേരളത്തെപ്പോലുള്ള സംസ്ഥാനത്തെ ബാധിക്കുന്ന കരാറിൽ ഒപ്പിടാൻ പാടില്ലെന്ന് ഈ സഭ ആവശ്യപ്പെടണം. റബ്ബറിന്റെ വിലക്കുറവുമൂലം 4000 കോടി രൂപയുടെ നഷ്ടം കേരളത്തിനുണ്ടാകും. ചുങ്കമില്ലാത്തതിനാൽ ഇപ്പോൾ ടയറാണ് പ്രധാനമായും ഇറക്കുമതി ചെയ്യുന്നത്. ഇൻഡ്യയിൽ 2 ലക്ഷം ടണ്ണിലധികം റബ്ബർ കെട്ടിക്കിടക്കുകയാണ്. റബ്ബറിനും റബ്ബർ ഉല്പന്നങ്ങൾക്കും ഇറക്കുമതി ചുങ്കം വേണമെന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്. ഈ കരാർ നടപ്പിലായാൽ കുരുമുളക്, ഏലം, കശുവണ്ടി തുടങ്ങിയ അയ്യായിര ത്തോളം ഉല്പന്നങ്ങളിൽ നാലായിരത്തോളം ഉല്പന്നങ്ങൾ സെൻസിറ്റീവ് ലിസ്റ്റിൽ നിന്നും പുറത്താവുകയും കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുകയും ചെയ്യും. കരാറിൽ ഒപ്പിടാൻ പാടില്ലെന്നു മാത്രമല്ല കേരള ത്തിന്റെ കാർഷിക മേഖലയ്ക്കായി ഒരു റിലീഫ് പാക്കേജ് അനുവദിക്കണ മെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും വേണം. പാമോയിലിന് കൊടുക്കുന്ന സബ്സിഡി വെളിച്ചെണ്ണയ്ക്കും നൽകണമെന്ന ആവശ്യം ന്യായമാണ്. അത് സഭ ഒന്നടങ്കം കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.

## (2) പി.എം.ജി.എസ്.വൈ. പദ്ധതി

ശ്രീ. ആര്യാടന്‍ മുഹമ്മദ്: നൂറുശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രിയുടെ ഗ്രാമീണ്‍ സഡക് യോജനയുടെ ഭാഗമായി ഫേസ് 6-ല്‍ 294 കോടി രൂപ ചെലവുവരുന്ന 420 റോഡുകള്‍ കേന്ദ്രം അനുവദിച്ചു. അതില്‍ 14.22 കോടി രൂപയുടെ 15 റോഡുകളുടെ വര്‍ക്കുകള്‍ മാത്രമേ നടക്കുന്നുള്ളൂ. ഫേസ്-7 കഴിഞ്ഞയാഴ്ച ടെണ്ടര്‍ ചെയ്തു. അതില്‍ 486.74 കോടി രൂപയുടെ 420 റോഡുകളാണുള്ളത്. ഇത് ടെണ്ടര്‍ ചെയ്തപ്പോള്‍ റെസ്പോണ്ട് ചെയ്തത് 169 കോടി രൂപയുടെ 120 വര്‍ക്കുകള്‍ക്കു മാത്രമാണ്. കേരള ഗവണ്‍മെന്റിന്റെ 2008-ലെ ഷെഡ്യൂള്‍ അനുസരിച്ചാണ് എസ്റ്റിമേറ്റുണ്ടാക്കുന്നത്. ആ എസ്റ്റിമേറ്റ് പ്രകാരം പണി തീര്‍ക്കാന്‍ കഴിയാത്തതുകൊണ്ട് ഏറ്റെടുക്കാന്‍ ആളുകള്‍ തയ്യാറാവുന്നില്ല. മറ്റ് സംസ്ഥാനങ്ങളില്‍ എസ്റ്റിമേറ്റിനേക്കാള്‍ കൂടുതല്‍ തുക ആവശ്യമായി വന്നാല്‍ അത് സംസ്ഥാന സര്‍ക്കാര്‍ വഹിക്കും. റൂറല്‍ ഡെവലപ്മെന്റിനുവേണ്ടി പ്രത്യേകമായ ഷെഡ്യൂളുണ്ടാക്കി അതനുസരിച്ച് എസ്റ്റിമേറ്റുണ്ടാക്കിയാല്‍ വര്‍ക്ക് തീര്‍ക്കാനും നൂറുശതമാനം കേന്ദ്രവിഹിതം നേടിയെടുക്കാനും കഴിയും. ഇപ്പോള്‍ കേന്ദ്രഗവണ്‍മെന്റ് തരുന്ന തുക ചെലവാക്കാന്‍ കഴിയുന്നില്ല. 2008-ലെ ഷെഡ്യൂള്‍ പ്രകാരം ഇതേ സ്ഥലങ്ങളിലുള്ള പി.ഡബ്ല്യു.ഡി. വര്‍ക്കുകള്‍ക്ക് അധിക തുക സര്‍ക്കാര്‍ നല്‍കുന്നുണ്ട്. റൂറല്‍ ഡെവലപ്മെന്റിനുവേണ്ടി പ്രത്യേക ഷെഡ്യൂളുണ്ടാക്കുകയോ എസ്റ്റിമേറ്റിനേക്കാള്‍ അധികം വരുന്ന തുക ഗവണ്‍മെന്റ് വഹിക്കുകയോ ചെയ്ത് കേന്ദ്രവിഹിതം നഷ്ടപ്പെടുത്താതിരിക്കുന്നതിനുള്ള നടപടികള്‍ കൈക്കൊള്ളണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): ഗ്രാമപ്രദേശങ്ങളെ പ്രധാന റോഡുകളുമായി ബന്ധിപ്പി ക്കുന്നതിനായി ഗുണനിലവാരമുള്ള റോഡുകൾ പണിയുന്നതിന് നൂറുശത മാനം കേന്ദ്രസഹായമുള്ള പദ്ധതിയാണിത്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതിക ളെപ്പോലെതന്നെ ഈ പദ്ധതിയുടെ മാനദണ്ഡങ്ങളും കേരളത്തിന്റെ സാഹച ര്യങ്ങൾക്ക് അനുസൃതമല്ല. എങ്കിലും 1888 കിലോമീറ്റർ നീളമുള്ള 742 റോഡുകളുടെ നിർമ്മാണത്തിന് കേന്ദ്രാനുമതി നേടിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 799 കോടി രൂപയാണ് ഇതിന്റെ ആകെ അടങ്കൽ തുക. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന് ഇതുവരെ ലഭിച്ച 243.94 കോടി രൂപയിൽ 209.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷം 1155 കിലോമീറ്റർ ദൈർഘ്യമുള്ള 420 റോഡുകളുടെ പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 518 കോടി രൂപ അടങ്കലുള്ള ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ റോഡുകൾക്ക് കർശനമായും ഗുണനിലവാരം ഉറപ്പാക്കണമെന്നുള്ളതിനാൽ കരാറുകാർ പണി ഏറ്റെടുക്കാതിരിക്കുന്ന സ്ഥിതിയുണ്ട്. ടെണ്ടർ എക്സസ് അനുവദനീയമല്ല. പൈപ്പ് ലൈൻ, വൈദ്യുതി ലൈൻ, ടെലിഫോൺ കേബിൾ എന്നിവ മാറ്റുന്നതിനും സ്ഥലം അക്വയർ ചെയ്യുന്നതിനുമുള്ള ചെലവുകളും നിർമ്മാണ വസ്തുക്കളുടെ വിലയിലുണ്ടാകുന്ന വ്യത്യാസവും കേന്ദ്രസർക്കാർ നൽകുകയില്ല. ഈ സാഹചര്യത്തിൽ അധികമായി വേണ്ടി വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കരാറുകാർ ഏറ്റെടുക്കാതിരുന്ന എല്ലാ വർക്കുകളും 2008-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ റേറ്റിൽ പുതുക്കി ടെണ്ടർ ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാന

ത്തിൽ പണി ഏറ്റെടുക്കാൻ തയ്യാറായി കരാറുകാർ വന്നിട്ടുണ്ട്. പണി പൂർത്തിയാക്കിയ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് 102.71 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഈ പദ്ധതി ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പുരോഗമിച്ചുവരികയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐെസക്): റൂറൽ ഡെവലപ്മെന്റിനുവേണ്ടി പ്രത്യേക ഷെഡ്യൂളുണ്ടാക്കണമെന്ന നിർദ്ദേശം സ്വീകാര്യമല്ല. യൂട്ടിലിറ്റീസും മറ്റും മാറ്റുന്നതിനുള്ള അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. ഈ പദ്ധതി സമയബന്ധിതമായി നടപ്പാക്കും.

**സബ്മിഷൻ**

(1) കൊക്കകോള കമ്പനിയുടെ പ്രവർത്തനംമൂലം ദുരിതമനുഭവിക്കുന്ന വർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കൊക്കകോള കമ്പനിയുടെ പ്രവർത്തനംമൂലം പ്ലാച്ചിമടയിലെ മണ്ണും ജലവും മലിനപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ കമ്പനി പ്രവർത്തിക്കുന്നില്ലെങ്കിലും അമിത ജലചൂഷണം നടത്തിയതിനാൽ അവിടെ ശുദ്ധജലക്ഷാമം നേരിടുന്നുണ്ട്. വിഷാംശം കലർന്ന ജലം ഉപയോഗിച്ചതുമൂലം ദുരിതമനുഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകണം. അമിത ജലചൂഷണം നടത്തുകയും വിഷാംശം കലർത്തുകയും ചെയ്യുന്ന കമ്പനികളെ നിയന്ത്രിക്കാനും നിരോധിക്കാനും ജലനിയമത്തിലും പഞ്ചായത്ത്/മുനിസിപ്പൽ നിയമത്തിലും ഭേദഗതി വരുത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : പ്ളാച്ചിമടയിലെ കൊക്കോകോള കമ്പനിയുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ

പ്പറ്റി പഠിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി ഒരു സബ്കമ്മിറ്റിയെ നിയോഗിക്കുകയും അവർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആ പ്രദേശത്തെ കൃഷി, ആരോഗ്യം, ജലമാലിന്യ പ്രശ്നങ്ങൾ എന്നിവയെ ക്കുറിച്ച് വിശദമായ പഠനം ആവശ്യമായി വരികയും ചെയ്തു. അതിനായി വിവിധ വകുപ്പുകളിലെ വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി സമിതി രൂപീകരി ക്കുകയും വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണ നയ്ക്ക് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുകയും ചെയ്തി ട്ടുണ്ട്. ദുരിതബാധിതരുണ്ടെങ്കിൽ അവർക്ക് സഹായം നൽകുന്ന കാര്യം തീരുമാനിക്കുന്നതാണ്. ശുദ്ധജല സ്രോതസ്സും മണ്ണും മറ്റും മലിനപ്പെടു ത്തുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ തടയുന്നതിനും ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമാണ് 2002-ലെ കേരളാ ഭൂജല നിന്ത്രണവും ക്രമീകരണവും ആക്ടിന് രൂപം നൽകിയത്. അതനുസരിച്ച് ജില്ലാ കളക്ടർക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നാൽ ദുരിതബാധിതർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് ഈ ആക്ടിൽ വ്യവസ്ഥയില്ല.

(2) <u>സ്കൂൾ കായികമേളയിലെ വിജയികൾക്ക് പ്രൈസ് മണി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ. ബാബു :</u> രണ്ട് വർഷമായി മുടങ്ങിക്കിടക്കുന്ന സ്കൂൾ കായിക മേളയിലെ വിജയികൾക്ക് പ്രൈസ് മണി നൽകുന്നതിനും സ്പോർട്ട്സ് മാനുവലിൽ മാറ്റം വരുത്തി ആദ്യത്തെ എട്ട് സ്ഥാനക്കാർക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനും റവന്യൂ ജില്ലാ മൽസരങ്ങൾക്കുശേഷം സോണൽ മൽസരം കഴിഞ്ഞ് ഫൈനലിൽ എത്തുന്ന ആറ് ടീം അംഗങ്ങൾക്ക്

ഗ്രേസ് മാർക്ക് നൽകുന്നതിനും കായികാധ്യാപകർക്കുള്ള കിറ്റ് അലവൻസ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ദേശീയ സ്കൂൾ കായിക മേളയിലെ തുടർച്ചയായ വിജയം കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പും സ്പോർട്ട്സ് വകുപ്പും സഹകരിച്ചു കൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുക്കുന്നുണ്ട്. ഇപ്പോൾ കോ-കരിക്കുലർ ആക്ടിവിറ്റിയുടെ ഭാഗമായി പരിഗണിച്ചിരിക്കുന്ന കായിക പരിശീലനവും കലാപരിശീലനവും പാഠ്യ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. അതിനായി ഈ വിഷയം ഇപ്പോൾ എസ്.സി.ആർ.ടി.യുടെ പരിഗണനയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2005-06, 2006-07 എന്നീ വർഷങ്ങളിലെ പ്രൈസ് മണി കുടിശ്ശികയുണ്ടായിരുന്നത് മുഴുവൻ കൊടുത്തുതീർത്തു. 2007-08, 2008-09 എന്നീ വർഷങ്ങളിലെ പ്രൈസ് മണി കൊടുത്തുതീർക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. കലാരംഗത്ത് എ പ്ളസ് കിട്ടുന്ന എട്ടോ ഒൻപതോ കുട്ടികൾക്കും സ്പോർട്ട്സ് രംഗത്ത് ഏഴാം സ്ഥാനത്ത് വരെ എത്തുന്ന കുട്ടികൾക്കും ഗ്രേസ് മാർക്ക് കൊടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എട്ടുപേർക്ക് ഗ്രേസ് മാർക്ക് കൊടുക്കണമെന്നുള്ള മെമ്പറുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്. കായിക അദ്ധ്യാപകർക്ക് കൂടുതൽ പരിശീലനം കൊടുക്കുന്നതിനെപ്പറ്റിയും കൂടുതൽ കായികാദ്ധ്യാപകരെ ലഭ്യമാക്കുന്നതിനെപ്പറ്റിയും ധനകാര്യവകുപ്പുമായി ആലോചിക്കുന്നതാണ്. കായികാദ്ധ്യാപകർക്ക് കിറ്റ് അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(3) <u>ബി.പി.സി.എൽ. (കൊച്ചിൻ റിഫൈനറി) -ന്റെ വികസനം</u>

<u>ശ്രീ. എം.എം. മോനായി</u> : കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്, പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. (കൊച്ചിൻ റിഫൈനറി) വികസിപ്പിക്കുന്നതിന് കൂടുതൽ ഭൂമി ആവശ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ ഫാസ്റ്റ് ട്രാക്കിൽപ്പെടുത്തി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുള്ള ഏറ്റിൻകര ഭാഗത്തെ ഭൂമിയുടെ വില അപര്യാപ്തമായതിനാൽ പ്രസ്തുത ഭൂമി യുടെ വില പുതുക്കി നിശ്ചയിക്കുന്നതിനും പത്ത് സെന്റിൽ താഴെ ഭൂമിയുള്ള വരുടെ പുനരധിവാസത്തിനും മുമ്പ് സ്ഥലം ഏറ്റെടുത്തപ്പോൾ ഒറ്റപ്പെട്ടു പോയ പ്രദേശങ്ങൾകൂടി കമ്പനിയെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്, പുത്തൻകുരിശ് ഗ്രാമപഞ്ചായത്തുകളിലായി ബി.പി.സി.എൽ-ന്റെ വികസനത്തിനായി കൂടുതൽ ഭൂമി ആവശ്യമായി വന്നതിനെത്തുടർന്ന് 19-06-08-ലെ ഉത്തരവ് പ്രകാരം ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെ ടുത്തി സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. ഭൂമി വിട്ടുനൽകാൻ തയ്യാറുള്ളവരുടെ പക്കൽനിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമിയിലുള്ള കെട്ടിടങ്ങളുടെ തേയ്മാനം അനുസരിച്ചുള്ള കുറവ് വരുത്താതെ കെട്ടിട വിലകൂടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്ന പത്ത് സെന്റിൽ താഴെയുള്ള ഭൂമിയിൽ വീടുവച്ച് താമസിക്കുന്നവർക്ക് ഒരു ലക്ഷം രൂപ നൽകും. വീട് പൊളിച്ചെടുക്കുന്ന നിർമ്മാണ വസ്തുക്കൾ സൗജന്യമായി ഉടമസ്ഥനുതന്നെ എടുക്കാവുന്നതാണെന്ന് റിഫൈനറി പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. ഭൂമിവില സംബന്ധിച്ച് ആക്ഷേപമുള്ളവർക്ക്

സെക്ഷൻ 18 പ്രകാരം അപേക്ഷ നൽകാൻ വ്യവസ്ഥയുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സമഗ്ര പുനരധിവാസം നടപ്പിലാക്കുന്ന കാര്യം ജില്ലാതല പഞ്ചായത്ത് കമ്മിറ്റിയിൽ ഉന്നയിക്കപ്പെട്ടെങ്കിലും കമ്പനിയുടെ നിലവിലുള്ള നിയമമനുസരിച്ച് പരിഗണിക്കാൻ കഴിയില്ലെന്നാണ് ബി.പി.സി.എൽ. (കൊച്ചിൻ റിഫൈനറി) പ്രതിനിധികൾ യോഗത്തിൽ അറിയിച്ചത്. അടുത്ത ആഴ്ച ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ബി.പി.സി.എൽ.-ന്റെ മേൽ വീണ്ടും സമ്മർദ്ദം ചെലുത്തി കൂടുതൽ സഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

(4) <u>പത്തനംതിട്ട ജില്ലയിലെ പേരൂർച്ചാൽ പാലം</u>

<u>ശ്രീ. കെ.സി. രാജഗോപാലൻ</u> : പത്തനംതിട്ട ജില്ലയിൽ പമ്പാനദിക്കു കുറുകെ നിർമ്മിക്കുന്ന പേരൂർച്ചാൽ പാലത്തിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u> : പമ്പാ നദിക്കു കുറുകെയുള്ള പേരൂർചാൽ പാലം പണി പുനരാരംഭിക്കുന്നതിന് 420 ലക്ഷം രൂപയുടെ താൽക്കാലിക സാങ്കേതികാനുമതി നൽകുകയുണ്ടായി. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡ് പദ്ധതിയിൽ കഴിഞ്ഞ വർഷം സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭിക്കാത്തതിനെത്തുടർന്ന് ആർ.ഐ.ഡി.എഫ്-15 സ്കീമിൽ ഈ പ്രോജക്ട് ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്.

(5) <u>ശ്രീകൃഷ്ണപുരം കടമ്പഴിപ്പുറത്ത് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>

ശ്രീമതി കെ.എസ്. സലീഖ : ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : 20,000-ൽ കൂടുതൽ ഉപഭോക്താക്കൾ, 100 ചതുരശ്ര കിലോമീറ്റർ വിസ്തൃതി, സ്ഥലത്തിന്റെ ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് സെക്ഷൻ വിഭജിക്കുന്നത്. കഴിഞ്ഞ ജൂലൈ മാസത്തിനുശേഷം വൈദ്യുതി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കേണ്ടതില്ലെന്ന റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരവും പ്രസ്തുത മണ്ഡലത്തിൽ 8,000 ഉപഭോക്താക്കൾ മാത്രമേയുള്ളു എന്നതിനാലും അവിടെ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കാൻ തൽക്കാലം നിവൃത്തിയില്ല. ഇപ്പോൾ പരിഗണനയിലില്ലെങ്കിലും പിന്നീട് ഈ കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(6) ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന അക്രമങ്ങൾ

ശ്രീ. ജോസഫ്.എം. പുതുശ്ശേരി : കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽപ്പെട്ട വള്ളംകുളം നന്തൂർ ദേവീക്ഷേത്രത്തിലെ കെടാവിളക്ക്, തൂക്കുവിളക്ക് എന്നിവ മോഷ്ടിക്കുകയും ക്ഷേത്രത്തിലെ ചിത്രങ്ങളും ഗ്ലാസ്സിട്ട ഭാഗങ്ങളും അടിച്ച് തകർക്കുകയും ചെയ്ത സംഭവത്തിൽ പ്രതികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനോടൊപ്പം കോട്ടാങ്ങൽ ദേവീക്ഷേത്രത്തിലും തൃക്കയിൽ ക്ഷേത്രത്തിലും നടന്ന മോഷണങ്ങളിലെ പ്രതികളെ കണ്ടെത്തുകയും ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന അക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പത്തനംതിട്ട ജില്ലയിലെ തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിലെ നന്തൂർ ദേവീക്ഷേത്രത്തിൽനിന്നും 25 കിലോഗ്രാം തൂക്കം വരുന്ന കെടാവിളക്കും പത്ത് കിലോഗ്രാം തൂക്കം വരുന്ന അഞ്ച് തൂക്കു വിളക്കുകളും കാണിക്ക വഞ്ചിയിൽനിന്നും 500 രൂപയുമടക്കം 17,000 രൂപ യുടെ മോഷണം നടന്നതായി 16-02-09-ന് പരാതി കിട്ടിയതിന്റെ അടിസ്ഥാന ത്തിൽ തിരുവല്ല പോലീസ് സബ് ഇൻസ്പെക്ടർ കേസന്വേഷണം നടത്തുകയും 16-02-09-ന് മോഷണ മുതലിൽപ്പെട്ട ഒരു കെടാവിളക്ക്, രണ്ട് തൂക്കുവിളക്ക്, ഒരു നിലവിളക്ക് എന്നിവ അമ്പലത്തിൽനിന്നും 150 മീറ്റർ അകലെ ദേവീവിലാസം എൻ.എസ്.എസ്. കരയോഗ മന്ദിരത്തിനടുത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുകയും ചെയ്തു. അന്നുതന്നെ പ്രതിയായ നന്നൂർ സ്വദേശി ശ്യാംകുമാറിനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. 30-05-08-ന് രാത്രി കോട്ടാങ്ങൽ ദേവീക്ഷേത്രത്തിൽനിന്ന് മൂന്ന് കാണിക്കവഞ്ചി പൊളിച്ച് 20,000 രൂപ മോഷണം നടത്തിയ പരാതി യിൻമേൽ പെരുമ്പെട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പത്തനംതിട്ട കോയിപ്രം പോലീസ് സ്റ്റേഷൻ അതിർത്തി യിൽപ്പെട്ട തൃക്കയിൽ മഹാദേവ ക്ഷേത്രത്തിൽനിന്നും 26/09-ന് രണ്ട് കാണിക്കവഞ്ചി പൊളിച്ച് അതിലുണ്ടായിരുന്ന 2500 രൂപ മോഷ്ടിച്ച സംഭവ ത്തിൽ കേസ് രജിസ്റ്റർ ചെയ്ത് കോയിപ്രം പോലീസ് അന്വേഷിച്ചു വരുന്നു. നിയോജക മണ്ഡലത്തിൽ വർദ്ധിച്ചു വരുന്ന മോഷണം കണക്കിലെടുത്ത് കർശന നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം കൊടുക്കാം.

(7) <u>ഹൃദ്രോഗികൾക്ക് സൗജന്യ ജീവൻരക്ഷാ മരുന്നുകൾ</u>

<u>ശ്രീ. എം. ചന്ദ്രൻ</u> : കേരളത്തിൽ ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കുന്നതിന്റെ ചികിത്സാ ചെലവ് താങ്ങാൻ പറ്റാതെ വരുന്ന പാവപ്പെട്ടവർക്ക് സൗജന്യ മായി മരുന്ന് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>) : ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ ഹൃദ്രോ ഗികൾക്കുള്ള ജീവൻരക്ഷാ മരുന്ന് ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രധാനപ്പെട്ട ജനറൽ ആശുപത്രികളിലും സൗജന്യമായി കൊടുക്കുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നിന്റെ വിലയും പുറത്ത് അതിന് കൊടുക്കേണ്ട വിലയും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നതിനാൽ മാരക രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്കുള്ള മരുന്ന് ബി.പി.എൽ. കുടുംബങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോർ വഴിയും മാവേലി സ്റ്റോർ വഴിയും സൗജന്യമായി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(8) <u>ശിവകുമാറിന്റെ കൊലപാതകം</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : 20-02-09 ന് നെന്മാറയിലെ വിത്തലശ്ശേരി യിൽ ശിവകുമാർ എന്ന സി.പി.ഐ.(എം) പ്രവർത്തകനെ കോൺഗ്രസ്സ് അനുഭാവികൾ മൃഗീയമായി കൊലചെയ്ത സംഭവത്തിലെ കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>) : പാലക്കാട് നെന്മാറ പോലീസ് സ്റ്റേഷൻ പരിധിയിലെ വിത്തിലശ്ശേരിയിൽവച്ച് 20-02-09-ന് രാത്രി 8.15-ന് ഡി.വൈ.എഫ്.ഐ.

പ്രവർത്തകനും പെയിന്റിംഗ് തൊഴിലാളിയുമായ ശിവകുമാറിനെ വെട്ടി കൊലപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് ഋഷാദ്, കോൺഗ്രസ് അനുഭാവിയായ സുരേഷ് എന്നിവരെ 13-2-09-ന് അറസ്റ്റ് ചെയ്ത് കോടതി യിൽ ഹാജരാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം ഊർജ്ജിതപ്പെ ടുത്താൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(9) സംസ്ഥാന സഹകരണ പെൻഷൻകാർക്ക് വൺറാങ്ക് വൺ പെൻഷൻ പദ്ധതി

ശ്രീ. കെ.പി. മോഹനൻ : സംസ്ഥാനത്തെ സഹകരണ ജീവനക്കാർക്ക് സർക്കാർ ജീവനക്കാരുടേതിന് തുല്യമായ പെൻഷനും ക്ഷാമബത്തയും അനുവദിക്കുകയും ചുരുങ്ങിയ പ്രതിമാസ പെൻഷൻ 2400 രൂപയായി നിജപ്പെടുത്തുകയും ഫാമിലി പെൻഷൻ, മെഡിക്കൽ അലവൻസ് എന്നിവ അനുവദിക്കുകയും പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധിയെ ഉൾപ്പെടുത്തുകയും ചെയ്യണം. സർക്കാർ പങ്കാളിത്തത്തോടുകൂടി സഹകരണ പെൻഷൻ ഫണ്ട് രൂപീകരിച്ച് സർക്കാർ ജീവനക്കാരുടേതിനു തുല്യമായി സഹകരണ പെൻഷൻകാർക്കും വൺ റാങ്ക് വൺ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) : കേന്ദ്ര സംസ്ഥാന ജീവനക്കാർക്ക് പെൻഷൻ അനുവ ദിക്കാതിരുന്ന സാഹചര്യത്തിലാണ് 15 വർഷം മുൻപ് സംസ്ഥാന പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സ്വാശ്രയ പെൻഷൻ പദ്ധതി നടപ്പാക്കിയത്. ഇൻഡ്യ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഇ.പി.എഫ്. പദ്ധതിയിൽ അംഗം അല്ലാത്തവർക്കുമാത്രമേ സ്വാശ്രയ പെൻഷൻ അനുവദി ക്കാൻ നിർവാഹമുള്ളു. ജില്ലാ സഹകരണ ബാങ്കിലേയും സംസ്ഥാന

സഹകരണ ബാങ്കിലേയും ജീവനക്കാർക്ക് ഇ.പി.എഫ്. പെൻഷനാണ് കൊടുക്കുന്നത്. അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടേയും 10% ബന്ധപ്പെട്ട സംഘങ്ങളാണ് റിട്ടയർ ചെയ്യുന്നതുവരെ പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുന്നത്. ഇപ്പോൾ സഹകരണ ജീവനക്കാർക്ക് ഏറ്റവും ചുരുങ്ങിയ പെൻഷൻ 500 രൂപയായും പരമാവധി പെൻഷൻ 10000 രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടുംബ പെൻഷൻ 400 രൂപയും നൽകുന്നു. സഹകരണ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ക്ഷാമബത്തയുമുണ്ട്. അവരുടെ റിട്ടയർമെന്റ് പ്രായം 58 വയസ്സാണ്. റിക്രൂട്ട്മെന്റ് പി.എസ്.സി. മുഖാന്തിരമല്ലാത്തതിനാൽ ഗവൺമെന്റ് ഖജനാവിൽ നിന്നല്ല ശമ്പളം കൊടുക്കുന്നത്. കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ പെൻഷൻപദ്ധതി സഹകരണ ജീവനക്കാർക്കും നടപ്പിലാക്കുന്നതിന് ഇന്നത്തെ സ്ഥിതിയിൽ സാങ്കേതിക തടസ്സമുണ്ട്. പെൻഷൻ ബോർഡിൽ പെൻഷൻകാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്ത് പരിഗണിക്കാവുന്നതാണ്.

(10) <u>വള്ളുവനാട് വുഡ് കൺസോർഷ്യം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : മങ്കട നിയോജക മണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ കോട്ടുവാട് എന്ന പ്രദേശത്ത് സ്ഥാപിക്കാൻ തീരുമാനമായിട്ടുള്ള വള്ളുവനാട് വുഡ് കൺസോർഷ്യം പ്രസ്തുത സ്ഥലത്തുനിന്നും ഒരു കിലോമീറ്റർ അകലെ ബ്ലോക്ക് പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ ഏരിയായിലേക്ക് മാറ്റാനും ഇതുമായി ബന്ധപ്പെട്ട് സ്ഥലവാസികൾക്കെതിരെ എടുത്തിട്ടുള്ള കേസ്സുകൾ പിൻവലിക്കാനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരിം) : മലപ്പുറം ജില്ലയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്ഥാപിക്കാനുദ്ദേശിക്കുന്ന വള്ളുവനാട് വുഡ് കൺസോർഷ്യത്തിന് തടിയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ക്ലസ്റ്റർ അംഗങ്ങൾക്ക് തടി ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനുമുള്ള സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുംവേണ്ടി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് ഇതിനുവേണ്ട സ്ഥലം അതാത് കൺസോർഷ്യം നൽകേണ്ടതാണ്. ഈ പദ്ധതിക്കുവേണ്ടി വള്ളുവനാട് വുഡ് കൺസോർഷ്യം, പെരിന്തൽമണ്ണ താലൂക്കിൽ പുഴക്കാട്ടിരി വില്ലേജിൽ ഏകദേശം ഒരേക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് എല്ലാ ക്ലിയറൻസുകളും ലഭിച്ചതിനാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ ടെണ്ടർ വിളിച്ച് പർച്ചേസ് കമ്മിറ്റി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഇത്രയും പുരോഗമിച്ച സാഹചര്യത്തിൽ അത് മാറ്റി സ്ഥാപിക്കുന്നത്, പ്രധാനമായും കേന്ദ്ര ഗവൺമെന്റ് സംരംഭത്തെ ദോഷകരമായി ബാധിക്കുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. പദ്ധതി നഷ്ടപ്പെടാൻ ഇടവരാത്ത നിലയിൽ ഈ കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(11) കൊട്ടാരക്കര മഹാദേവർ ക്ഷേത്രത്തിൽ ആനത്തറി നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി : കൊട്ടാരക്കര മഹാദേവർ ക്ഷേത്രത്തിൽ ആനത്തറി നിർമ്മിക്കാനും അവിടെയുള്ള ഏറ്റവും പ്രായംകൂടിയ കൃഷ്ണൻകുട്ടിയെന്ന ആനയെ സംരക്ഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കൊട്ടാരക്കര മഹാദേവർ ക്ഷേത്രത്തിലെ കൃഷ്ണൻകുട്ടി യെന്ന ആനയെ സംരക്ഷിക്കുന്നതിനും ആനത്തറി നിർമ്മിക്കുന്നതിനും തിരു വിതാംകൂർ ദേവസ്വം ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2003 ഫെബ്രുവരി 16-ാം തീയതി ദേവസ്വം ബോർഡ് ഇതിനായി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്. ആനകളെ സംരക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഈ ആനയുടെ സംരക്ഷണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 26-2-2009-ന് ഒരു യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതാണ്.

### (12) മണലൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

ശ്രീ. മുരളി പെരുനെല്ലി : മണലൂർ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് മുല്ലശ്ശേരി, ഇളവള്ളി, പാവറട്ടി, തൈക്കാട് പഞ്ചായത്തുകൾക്ക് പ്രയോജനകരമായ രീതിയിൽ കരിവണ്ണൂർ പുഴയിൽനിന്ന് കുടിവെള്ളം സംഭരിക്കുന്നതിനും അന്തിക്കാട് മേഖലയിൽ പമ്പിംഗ് പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : മണലൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏതാണ്ട് പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. ചെമ്പുകാവിൽനിന്ന് ഒളരി വരെയുള്ള 7.66 കിലോമീറ്റർ ഗ്രാവിറ്റി മെയിനിന്റെ പണി പൂർത്തീകരിക്കുന്നതിന് 130 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ നിരക്കനുസരിച്ച് ഇതിന് 626.24 ലക്ഷം രൂപ ആവശ്യമായി വരുന്നതിനാൽ സാമ്പത്തിക സഹായം ലഭ്യമാ ക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. 17.92 കിലോമീറ്റർ വിതരണ

ശൃംഖലകൂടി സ്ഥാപിക്കുന്നതിന് നാലുകോടി അൻപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വെങ്കടങ്ങിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ടെക്നോളജി മിഷൻ മുഖാന്തിരമുള്ള പദ്ധതിയുടെ 95 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചു. അവശേഷിക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഇതു പൂർത്തീകരിക്കുന്നതോടുകൂടി ഈ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മുല്ലശ്ശേരി, ഇളവള്ളി, പാവറട്ടി, തൈക്കാട് എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് ഐ.പി.ഡി. വിഭാഗം തയ്യാറാക്കിവരുന്നു. കരിവണ്ണൂർ പുഴയിൽ മുനയം ഭാഗത്ത് ഉപ്പുവെള്ളം കയറിയതുമൂലമുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാകളക്ടറേയും ഈ കാര്യങ്ങൾ രേഖാമൂലം അറിയിച്ചിട്ടുണ്ട്. പമ്പിംഗ് സുഗമമായ രീതിയിൽ നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(13) <u>തെൻമല ഡാമിലെ മണൽ നീക്കം ചെയ്യൽ</u>

<u>ശ്രീ. കെ. രാജു:</u> തെൻമല ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ മണലും എക്കലും അടിഞ്ഞുകൂടിയിരിക്കുന്നതുമൂലം ഡാമിന്റെ സംഭരണ ശേഷി കുറയുകയും സുരക്ഷിതത്വത്തിനുതന്നെ ഭീഷണിയായിതീർന്നിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ റവന്യൂ-വനം-ജലവിഭവം എന്നീ വകുപ്പുകളുടെ സംയുക്തമായ പ്രവർത്തനത്തിലൂടെ മണൽ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കണം. ഇതുവഴി സംസ്ഥാനത്തിന് 100 കോടി രൂപയുടെ റവന്യൂ വരുമാനം ഉണ്ടാക്കാൻ സാധിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി തെൻമല പരപ്പാറിലുള്ള ഡാം ഡീസിൽട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ധാരാളം പ്രവൃത്തികൾ ജലസേചന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നിട്ടുണ്ട്. മണലും എക്കലും നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്നതുകൊണ്ട് വനം വകുപ്പിന്റെ പ്രത്യേക അനുമതിക്കായി കത്തുകൾ അയച്ചുവെങ്കിലും നാളിതുവരെയായി മറുപടി ലഭിച്ചിട്ടില്ല. കേന്ദ്ര ജല കമ്മീഷൻ റിമോട്ട് സെൻസിംഗ് വഴി ഐ.എസ്.ആർ.ഒ. മുഖേന നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 11.4 ശതമാനം ജലസംഭരണ ശേഷി കുറഞ്ഞുവരുന്നതായാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. മണൽ നീക്കം ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന് അധിക വിഭവസമാഹരണം ലഭ്യമാകുന്നതോടൊപ്പം റിസർവോയറിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനും കഴിയും. ഇത് പാരിസ്ഥിതിക ആഘാതങ്ങൾ സൃഷ്ടിക്കുമോയെന്നത് സംബന്ധിച്ച് പൊതുവായി പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തെൻമലയടക്കമുള്ള ഡാമുകളുടെ പൊതുസ്ഥിതി സംബന്ധിച്ച് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് സ്റ്റഡി റിപ്പോർട്ട് ലഭ്യമായാലുടൻ പൈലറ്റ് പ്രോജക്ടായി മലമ്പുഴ ഡാമിൽ ആരംഭിക്കാനും മറ്റ് ഡാമുകളിൽ തുടർന്ന് നടത്താനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

### (14) നദികളിൽ ക്രോസ് ബാർ നിർമ്മാണം

ശ്രീ. പള്ളിപ്രം ബാലൻ : കർണ്ണാടക സംസ്ഥാനത്തുനിന്നുത്ഭവിച്ച് കേരള സംസ്ഥാനത്തേയ്ക്ക് ഒഴുകുന്ന നദികളിൽ കർണ്ണാടക അതിർത്തി

യിൽ അനധികൃതമായി ഡാമുകൾ നിർമ്മിക്കുന്നതുമൂലം നദികളിലെ നീരൊഴുക്ക് കുറയുന്ന കാര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യാനും ശുദ്ധജല വിതാനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിന് പരിഹാരം കാണാനും അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : കർണ്ണാടക സംസ്ഥാനത്തുനിന്നും ഉത്ഭവിച്ച് കേരളത്തിലേയ്ക്ക് ഒഴുകുന്ന ഷിരിയ, ചന്ദ്രഗിരി, പയമ്പുനി നദികളിൽ കർണ്ണാടക സംസ്ഥാനം അനധികൃതമായി വെൻഡഡ് ക്രോസ് ബാർ നിർമ്മിക്കുകയും അതിൽനിന്ന് വെള്ളം പമ്പ് ചെയ്തെടുക്കുകയും ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് തടയുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർണ്ണാടക ഗവൺമെന്റിന് നിരവധി പ്രാവശ്യം കത്തുകളും ഓർമ്മകുറിപ്പുകളും അയച്ചിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുണ്ട്. പ്രസ്തുത നദികളിലെ അനധികൃത നിർമ്മാണ പ്രവൃത്തികൾ പ്രതിരോധിക്കുന്നതിന് പ്രത്യേക പരിശോധന നടത്താനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## (15) കടങ്ങോട് സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. എ. സി. മൊയ്തീൻ : അഞ്ച് പഞ്ചായത്തുകൾക്കും തൃശ്ശൂർ മെഡിക്കൽ കോളേജിനും ശുദ്ധജല വിതരണം നടത്തുന്നതിന് വിഭാവനം ചെയ്ത കടങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടും പണി നീണ്ടുപോകുന്നു. അടിയന്തിരമായി ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനും കൊണ്ടയൂരിൽ തടയണ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേചന്ദ്രൻ) : കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയിൽ അവശേഷിക്കുന്നത് 30 കി.മീ. ദൈർഘ്യ മുള്ള ഗ്രാവിറ്റി മെയിനിന്റെ പണി മാത്രമാണ്. ടെണ്ടർ നടപടികൾ അംഗീകരി ക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ആറ് മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക തടയണ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത്.

**ക്രമപ്രശ്നം**

സഭ സമ്മേളിക്കുമ്പോൾ എം.എൽ.എ. മാർ പങ്കെടുക്കേണ്ട യോഗം കൂടുന്നതു സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ : നിയമസഭ സമ്മേളിച്ചുകൊണ്ടിരിക്കു മ്പോൾ കഴിഞ്ഞ 17-ാം തീയതി ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആര്യാട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ഫിനാൻസ് കമ്മീഷൻ നൽകിയ 42 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം പണിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നതിനുള്ള പരിപാടി നിശ്ചയിച്ചു. പരിപാടി യിൽ ചെയർമാനായി നിയോഗിച്ചത് സ്ഥലം എം.എൽ.എ.യെയാണ്. എന്നാൽ ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇത് നിയമസഭയോടുള്ള അവഹേളനമാണ്. ഇനിയെങ്കിലും സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ ഇത്തരം പരിപാടികൾ നടത്തരുതെന്ന് റൂളിംഗ് നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : ഇത് സംബന്ധിച്ച് പലപ്രാവശ്യം ചെയർ റൂളിംഗ് നൽകിയിട്ടുള്ളതാണ്. ഇക്കാര്യം ആവർത്തിക്കുകയാണെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അൻപത്തി ഏഴുമുതൽ അറുപത്തി എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ലോക്കൽ ഫണ്ട് അൗണ്ട്സ് സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

<u>വെള്ളക്കരം പുനർനിർണ്ണയം</u>

കേരള വാട്ടർ അതോറിറ്റിയിലെ വെള്ളക്കരം പുനർനിർണ്ണയിച്ചതിനെ സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ ഒരു പ്രസ്താവന നടത്തി.

**ധനകാര്യം**

<u>2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ബഡ്ജറ്റാണ് ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക വിദഗ്ദ്ധരും സമസ്ത സമൂഹവും ഇതിനെ അംഗീകരിച്ചിരിക്കുന്നു. കേരളത്തോട് പൂർണ്ണമായ അവഗണനയാണ് റെയിൽവേ ബഡ്ജറ്റിലൂടെ കേന്ദ്ര സർക്കാർ പ്രകടിപ്പിച്ചിട്ടുള്ളത്. പ്രവാസി പുനരധിവാസ

പാക്കേജിനുവേണ്ടി കേന്ദ്ര സർക്കാർ ഒരു നയാപൈസപോലും നീക്കിവച്ചിട്ടില്ല. ഭക്ഷ്യ സുരക്ഷ പാക്കേജ് കേന്ദ്ര സർക്കാർ നിരാകരിച്ചു. പൊതുമേഖലയിലെ നിക്ഷേപം സംബന്ധിച്ച ഉത്തരവാദിത്വത്തിൽ നിന്ന് പിന്മാറി. കാർഷിക മേഖലയിലെ വൈദ്യുത ജലസേചന സൗകര്യങ്ങൾ ഉൾപ്പെടെ നിരവധി സൗകര്യങ്ങൾ വെട്ടിക്കുറച്ചു. ആഗോള സാമ്പത്തിക തകർച്ചയുടെ ഭാഗമായി ഇൻഡ്യ നേരിടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായി കേന്ദ്ര ബഡ്ജറ്റിൽ ഒന്നും തന്നെയില്ല. കേരളം നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന തരത്തിലുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ പൊതുവിതരണ സമ്പ്രദായത്തെ തകർക്കാൻ ശ്രമിക്കുകയാണ്. പാവപ്പെട്ട ജനങ്ങൾക്ക് അരിയും ഭക്ഷ്യധാന്യങ്ങളും വിതരണം നടത്താൻ ഒരു നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കാനായി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ശക്തിപ്പെടുത്തുകയും സർക്കാരിന് നൽകാനുള്ള പലിശ എഴുതിത്തള്ളുകയും ചെയ്തു. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകാനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നെൽപ്പാടങ്ങളുടെ വിസ്തൃതിയിലും നെല്ലുല്പാദനത്തിലും കുറവ് വരുന്നത് തടയാൻ ഭക്ഷ്യ സുരക്ഷ പദ്ധതിയിലൂടെ സാധിക്കുകയും അവ കൂടുതൽ വിപുലീകരിക്കുന്നതിന് സമഗ്രമായ നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും അതിന് ആവശ്യമായ തുക വകയിരുത്തുകയും ചെയ്തു. കോൾ, പൊക്കാളി എന്നീ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തി. ബുദ്ധിമുട്ട് അനുഭവിക്കുന്ന മുഴുവൻ കർഷകർക്കും ആശ്വാസം നൽകുന്നതിനും കാർഷിക കടാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്

ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 65 വയസ്സ് കഴിഞ്ഞവർക്ക് ക്ഷേമനിധിയിൽ അംഗത്വം ഇല്ലെങ്കിലും വാർദ്ധക്യ കാല പെൻഷൻ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള എ.പി.എൽ/ബി.പി.എൽ ലിസ്റ്റ് പുന:പരിശോധിക്കണം. ദുർബല ജനവിഭാഗങ്ങളുടെ ഭവന വായ്പയും സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എസ്.സി./എസ്.ടി, പരിവർത്തിത ക്രൈസ്തവർ എടുത്ത വായ്പയുടെ നിശ്ചിത തുക വരെയും എഴുതിത്തള്ളുന്നത് ആശ്വാസകരമാണ്. സാധാരണ ജനങ്ങൾക്ക് പാർപ്പിട സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി വിവിധ പാർപ്പിട പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ വിവിധ പൊതു മേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനും അടച്ചു പൂട്ടുന്നതിനും തീരുമാനിച്ചപ്പോൾ അതിനെതിരായ നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. പരമ്പരാഗത മേഖലയ്ക്ക് തുക വകയിരുത്തുകയും കയറിനുവേണ്ടി വില സ്ഥിരതാ ഫണ്ട് ഉൾപ്പെടെ 83 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മലബാർ പാക്കേജ് പ്രഖ്യാപിച്ചതുപോലെ തലസ്ഥാന നഗരിയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വർക്കല കഹാർ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ഇത് ഒരു വികസനോന്മുഖ ബഡ്ജറ്റല്ല. അല്പം ചില നല്ല കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര വിരുദ്ധ പ്രസ്താവനകളാണ് ഇതിൽ കുത്തിനിറച്ചിരിക്കുന്നത്. വർക്കല ശിവഗിരിയുടെ വികസനത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ശിവഗിരിയിൽ എത്തുന്ന കോടിക്കണക്കിന് ഭക്തജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഒരു മാസ്റ്റർ

പ്ലാൻ തയ്യാറാക്കി അവിടത്തെ വികസനം ഉറപ്പുവരുത്തണം. ബഡ്ജറ്റിൽ ധാരാളം നിർമ്മാണപ്രവർത്തനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതിനാവശ്യ മായ തുക എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കിയിട്ടില്ല. ഉത്തര കേരള പാക്കേജ്, കരിപ്പൂർ വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പ്, കണ്ണൂർ വിമാന ത്താവള വികസനം, വ്യവസായ പാർക്ക്, പെട്രോളിയം കോംപ്ലക്സ് എന്നിവ യ്ക്കാവശ്യമായ സ്വകാര്യ നിക്ഷേപം തുടങ്ങി കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപ നത്തിൽ പറഞ്ഞ കാര്യങ്ങളിൽ മിക്കതും ഇനിയും നടപ്പിലാക്കിയിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 30 ശതമാനം ഫണ്ട് നീക്കി വയ്ക്കുകയോ, കുട്ടനാട് കാർഷിക പാക്കേജിന്റെ സംസ്ഥാന വിഹിതവും കാർഷിക വിലസ്ഥിരതാ ഫണ്ടും അനുവദിക്കുകയോ, മത്സ്യത്തൊഴിലാളി കൾക്കുള്ള കടാശ്വാസ പദ്ധതിക്ക് നീക്കിവച്ച 10 കോടിരൂപ ചെലവഴിക്കു കയോ ചെയ്തിട്ടില്ല. സാമൂഹ്യ സുരക്ഷ മിഷൻ ഇനിയും രൂപീകരിച്ചിട്ടില്ല. അതിരപ്പിള്ളി വൈദ്യുത പദ്ധതിക്കും ചെറുകിട വൈദ്യുതേതര പദ്ധതി കൾക്കും നീക്കിവച്ചിരുന്ന തുക വിനിയോഗിച്ചില്ല. കർഷക കടാശ്വാസത്തിന് 50 കോടിരൂപ അനുവദിച്ചതിൽ 14 കോടിരൂപ മാത്രമാണ് വിതരണം ചെയ്തത്. ജനങ്ങൾക്ക് ഈ ബഡ്ജറ്റിലുള്ള വിശ്വാസം നഷ്ടപ്പെട്ടിരി ക്കുന്നു. നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുപ്രകാരം കേരളത്തിൽ കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയാണ്. യൂണിവേഴ്സിറ്റിയിലെ നിയമനങ്ങളിൽ അഴിമതി തുടരുകയാണ്. സംസ്ഥാനത്ത് മോഷണം പെരുകുന്നു. ഈ സർക്കാർ അഴിമതിയെ പ്രോൽസാഹിപ്പിക്കുന്ന തരത്തി ലുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മൽസ്യത്തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും

രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചു. ദുർബലജനവിഭാഗത്തിൽപെട്ട 41,500 കുടുംബങ്ങൾക്ക് വീടു വയ്ക്കാൻ കൊടുത്തിട്ടുള്ള വായ്പ കുടിശ്ശിക എഴുതിത്തള്ളി അവരുടെ പണയാധാരം തിരികെ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. സാമ്പത്തിക മാന്ദ്യം നേരിടുന്നതിനായി പണം കണ്ടെത്താൻ കഴിഞ്ഞു എന്നുള്ളത് ഈ ബഡ്ജറ്റിന്റെ സവിശേഷതയാണ്. കേരളം സാമ്പത്തിക തകർച്ചയിലാണെന്നും റവന്യൂ ചെലവ് വെട്ടിക്കുറയ്ക്കണമെന്നും കടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും പ്രതിപക്ഷത്തുള്ള പലരും ഇവിടെ ഉന്നയിക്കുന്നുണ്ട്. കേന്ദ്രത്തിലെ കോൺഗ്രസിന്റേയും ബി.ജെ.പി. യുടേയും ഗവൺമെന്റുകൾ അമേരിക്ക ഉൾപ്പടെയുള്ള സാമ്രാജ്യത്വ രാജ്യങ്ങളെ മാതൃകയാക്കുകയും അവർ അടിച്ചേൽപ്പിച്ച സാമ്പത്തിക നയങ്ങൾ പിന്തുടരുകയും ചെയ്തതിന്റെ ഫലമായി കേരളത്തിന്റെ കാർഷിക-വ്യാവസായിക-ടൂറിസം മേഖലകൾ തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ബദലായി സാമ്പത്തിക അച്ചടക്കം ഉണ്ടാക്കണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് റവന്യൂ ചെലവ് വെട്ടിക്കുറയ്ക്കാതെ 2010-2011 ഓടുകൂടി റവന്യൂ കമ്മി പൂജ്യം ശതമാനം ആക്കണമെന്നുള്ളതാണ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള കണക്കു പ്രകാരം കേരളത്തിന് ഏതാണ്ട് 61,000-ൽ ചില്വാനം കോടി രൂപയുടെ കടം ഉണ്ട്. എന്നാൽ ശക്തമായ ധനകാര്യ മാനേജ്മെന്റിലൂടെ കടത്തിന്റെ തോത് 2004-05-ൽ 29.12 ശതമാനം ആയിരുന്നത് 2007-08-ൽ 37.32 ശതമാനമായി കുറഞ്ഞു; 2010-11 ആകുമ്പോഴേക്ക് 35 ശതമാനമാക്കി കുറയ്ക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പലിശ ചെലവ്

2002–05–ൽ 26.5 ശതമാനം ആയിരുന്നത് 2007–08 ആയപ്പോൾ 20.5 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഇത് 2010–2011 ആകുമ്പോൾ 17.5 ശതമാനമായി കുറയ്ക്കാൻ ഫലപ്രദമായ ഇടപെടൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം അനുവദിക്കാൻ തയ്യാറാകാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ മൊത്തം നികുതി വരുമാനത്തിന്റെ 69 ശതമാനവും കേന്ദ്രഗവൺമെന്റിന് തന്നെയാണ് പോകുന്നത്; 30 ശതമാനം സംസ്ഥാന ഗവൺമെന്റിനും ഒരു ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമാണ് ലഭിക്കുന്നത്. എന്നാൽ ചെലവിന്റെ 33 ശതമാനം മാത്രമാണ് കേന്ദ്രം വഹിക്കുന്നത്. സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകുന്ന വിഹിതത്തേക്കാൾ വലിയ സംഖ്യ കേന്ദ്ര ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾവഴി കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ നേരിട്ട് ചെലവാക്കുകയാണ്. ഇത് ഫെഡറൽ സംവിധാനത്തെ ചോദ്യം ചെയ്യുന്ന തെറ്റായ സമീപനമാണ്. ഇതിനെതിരെ സംസ്ഥാന ഗവൺമെന്റുകൾ ശക്തമായി പൊരുതണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാകാത്തതുമൂലം കാർഷിക മേഖല തകരുകയും ദാരിദ്ര്യം വർദ്ധിക്കുകയുമാണ്. ധനവിനിയോഗത്തിന്റെ കാര്യത്തിൽ ഫലപ്രദമായ ഇടപെടലാണ് കഴിഞ്ഞ മൂന്നു വർഷമായി ഈ സർക്കാർ നടത്തുന്നത്. കരാറുകാരുടെ കുടിശ്ശികയും ക്ഷേമപെൻഷനുകളുടെ കുടിശ്ശികയും കൊടുത്തുതീർത്തു. ക്ഷേമ പെൻഷനുകളുടെ നിരക്ക് വർദ്ധിപ്പിച്ചു. മദ്രസ അദ്ധ്യാപകർക്ക് 4000 രൂപ പെൻഷൻ അനുവദിച്ചു.

കക്കാ തൊഴിലാളികൾ, പ്രവാസി മലയാളികൾ  തുടങ്ങി മിക്കവാറും എല്ലാ മേഖലകളിലുള്ളവർക്കും ക്ഷേമനിധികൾ  പ്രഖ്യാപിച്ചു. വഖഫ് ബോർഡിന് ഫണ്ട് അനുവദിച്ചു.  മാനന്തവാടിയിൽ ആദിവാസികൾക്ക് ഭൂമി വിതരണം  ചെയ്തുകൊണ്ട് വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.  ആദിവാസി മേഖലയിലെ വിദ്യാർത്ഥി കൾക്കുള്ള പ്രീ മെട്രിക്ക്/പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിലെ മെസ്സ് അലവൻസ് വർദ്ധിപ്പിച്ചു.  ആശുപത്രി കെട്ടിടങ്ങൾ, സ്റ്റേഡിയം, റോഡ് വികസനം, പാലങ്ങളുടെ നിർമ്മാണം, ഗ്രാമീണ മേഖലയിൽ ജലസേചന സൗകര്യങ്ങൾ  തുടങ്ങി മലബാറിനെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് പ്രത്യേക പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചു.  തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. 2000 കോടി രൂപയുടെ ഇ.എം.എസ്. ഭവന പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ  ഫലപ്രദമായി നടക്കുന്നു.  എല്ലാ ജില്ലകളിലും കുടിവെള്ള പദ്ധതികൾ ആരംഭിക്കുകയും അഞ്ച്  ലക്ഷത്തിലധികം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തു. കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ  മുഴുവൻ എഴുതിത്തള്ളി.  കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി കർഷക കടാശ്വാസ കമ്മിഷൻ രൂപീകരിച്ച്  പ്രവർത്തനം ആരംഭിച്ചതിലൂടെ കാർഷിക മേഖല യിൽ പുത്തനുണർവ്വ് ഉണ്ടായി. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചുവെന്നു മാത്രമല്ല കേന്ദ്രം അനുവദിച്ചതിനേക്കാൾ രണ്ടു രൂപ കൂടുതൽ കൊടുത്തുകൊണ്ട്  നെല്ല് സംഭരിക്കാൻ തീരുമാനിച്ചു.  പാലിന് ന്യായമായ വില നിശ്ചയിച്ച് ക്ഷീര കർഷകരെ സഹായിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഭരണയന്ത്രം ഫലപ്രദമായി ചലിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഭരണാനുമതി നൽകി പ്രഖ്യാപിച്ച പദ്ധതികൾ കൃത്യ സമയത്ത് നടപ്പാക്കണം. അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റാണിത്.

<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സാമ്പത്തിക മാന്ദ്യംമൂലമുള്ള പ്രതിസന്ധികളെ മറികടക്കാനുള്ള യാതൊരുവിധ പരിഹാര മാർഗ്ഗങ്ങളും ഈ ബഡ്ജറ്റിലില്ല. പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാകാതെ പോയ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിന്റെ ആവർത്തനം മാത്രമാണ് ഈ ബഡ്ജറ്റ്. മലബാർ വികസന പാക്കേജിന്റെ കാര്യത്തിൽ വ്യക്തത വേണം. ലോക ബാങ്ക്, എ.ഡി.ബി. വായ്പ എന്നിവയെ എതിർത്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഇന്ന് അവയെ സ്വാഗതം ചെയ്യുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മുതലാളിമാർക്ക് വിറ്റ് സ്വകാര്യ നിക്ഷേപത്തിന് ഊന്നൽ നൽകുന്ന നയം ശരിയല്ല. ഐ.ടി. മേഖലയെ സാമ്പത്തിക മാന്ദ്യത ഗ്രസിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ നിക്ഷേപകരെ കണ്ടെത്തുമെന്ന് ഉറപ്പുനൽകാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കാർഷിക കടങ്ങളെഴുതിത്തള്ളാൻ മാറ്റിവച്ച തുക അപര്യാപ്തമാണ്. ഉന്നത വിദ്യാഭ്യാസത്തിന് പുതിയ പദ്ധതികളൊന്നും ബഡ്ജറ്റിൽ ഇല്ല. സച്ചാർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന് നീക്കിവച്ച തുക അപര്യാപ്തമാണ്. പാലോളി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞ വർഷം മാറ്റി വച്ച തുകയിൽ ഒരു പൈസ പോലും ചെലവഴിച്ചില്ല. അലീഗഡ് സർവ്വകലാശാല കാമ്പസിനായി ഉദ്ദേശിച്ച പാണക്കാട്ടെ ഭൂമി

“ഇൻകെൽ” കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചത് കുത്തക മുതലാളിമാർക്ക് കൂട്ടുനിൽക്കുന്ന നടപടിയാണ്. ഈ സർവ്വകലാശാലയ്ക്കുള്ള ഭൂമി ഏറ്റെടുക്കാൻ ഒരു പൈസപോലും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. തൊഴിലില്ലായ്മ രൂക്ഷമായ അവസ്ഥയിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരമൊരുക്കാനുള്ള പദ്ധതികൾ ബഡ്ജറ്റിലില്ല. ഗൾഫിൽ നിന്നും മടങ്ങി വരുന്ന തൊഴിൽരഹിതരുടെ പുനരധിവാസത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള ഫലപ്രദമായ പദ്ധതികൾ ബഡ്ജറ്റിൽ ഇല്ല. അവർക്ക് കെ.എഫ്.സി. വായ്പ ലഭ്യമാക്കുമെന്നു പറയുന്നത് അവരെ കൂടുതൽ കടക്കെണിയിലേയ്ക്ക് തള്ളിവിടും. നെൽവയൽ നികത്തുന്നതുമായി ബന്ധപ്പെട്ട നിയമം നിലവിലുള്ളപ്പോൾ കൂടുതൽ ഫീസ് ഈടാക്കി വയൽ നികത്താൻ അനുവദിക്കുന്നതിലൂടെ റിയൽ എസ്റ്റേറ്റുകാരെയും ഭൂമാഫിയകളെയും സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി കഴിഞ്ഞ വർഷം മാറ്റി വച്ച തുകയിൽ പകുതി പോലും ചെലവഴിച്ചില്ല. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം, പെൻഷൻ പ്രായം ഉയർത്തൽ എന്നിവയെ സംബന്ധിച്ച് ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. അണക്കെട്ടുകളിലെ മണലും വനങ്ങളിൽ വീണുകിടക്കുന്ന മരങ്ങളും ലേലം ചെയ്ത് വിൽക്കാനുള്ള തീരുമാനം മണൽമാഫിയകളും വനം കൊള്ളക്കാരും ദുർവിനിയോഗം ചെയ്യാനവസരമൊരുക്കും.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തെ നേരിടുന്നതിന് റവന്യൂ വരുമാനത്തിനും വിഭവ

സമാഹരണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവന്ന് അടുത്ത വർഷം റവന്യു കമ്മി ഇല്ലാത്ത ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രി യുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. സാധാരണക്കാരിൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കാതെ റവന്യു വരുമാനം വർദ്ധിപ്പിക്കാനാണ് ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും മോചിപ്പിക്കുന്നതിനായി കേന്ദ്രത്തിൽനിന്നും കൂടുതൽ സഹായം ലഭ്യമാക്കു ന്നതിനുള്ള നടപടി സ്വീകരിക്കണം. മലബാറിന്റെ വികസനത്തിന് വേണ്ടി 1500 കോടി രൂപ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. കുടിവെള്ള ത്തിനു വേണ്ടി 2000 കോടി രൂപ മുതൽ മുടക്കുമെന്ന പ്രഖ്യാപനം ഈ ബഡ്ജറ്റിലുണ്ട്. വടകരയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അനുവദിച്ച വിഹിതം അപര്യാപ്തമാണ്. കാർഷികകടങ്ങൾ എഴിതുത്തള്ളി. കർഷക കടാശ്വാസ കമ്മീഷനും ബഡ്ജറ്റിൽ തുക വകയിരുത്തി. 177 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചു. വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ വികസനത്തിനുവേണ്ടി 134 കോടി രൂപയും ചെറുകിട ജലസേചന പദ്ധതിക്ക് 68 കോടി രൂപയും കടൽഭിത്തി നിർമ്മാണത്തിന് 44 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വടകര, മടപ്പിള്ളി, അഴിയൂർ തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു. സാമൂഹ്യ ക്ഷേമ വകുപ്പിനുവേണ്ടി 146 കോടി രൂപ നീക്കിവച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിനുവേണ്ടി കിലോയ്ക്ക് രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി പ്രഖ്യാപിച്ചു. വിവിധ

ക്ഷേമ പെൻഷനുകൾ 250 രൂപയാക്കി വർദ്ധിപ്പിച്ചു. നെൽവയൽ നീർത്തട സംരക്ഷണ നിയമം പാസ്സാക്കി നെൽവയലുകളുടെ സംരക്ഷണം ഉറപ്പാക്കി. വനിതാ ജീവനക്കാരുടെ പ്രസവാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. പട്ടികജാതി വികസന പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു. പ്രവാസി ക്ഷേമത്തിന് 10 കോടി രൂപ മാറ്റി വച്ചു. ഭക്ഷ്യ സുരക്ഷയ്ക്ക് 64 കോടി രൂപ വകയിരുത്തി. സമഗ്ര പച്ചക്കറി കൃഷിക്കും നാളികേര വികസനത്തിനും പദ്ധതികൾ പ്രഖ്യാപിച്ചു. കൈത്തറി മേഖലയിൽ പണിയെടുക്കുന്ന വർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ചെറുകിട വ്യവസായ മേഖല യുടെ വികസനത്തിനായി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചു. പൊതുവിദ്യാഭ്യാ സത്തിനുള്ള അടങ്കൽ 101 കോടി രൂപയായി ഉയർത്തി. സ്ക്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടി വ്യാപിപ്പിക്കാൻ തുക അനുവദിച്ചു. പൊതുജനാരോഗ്യ ത്തിന് 490 കോടി രൂപ നീക്കി വച്ചത് സ്വാഗതാർഹമാണ്. റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിന് 598 കോടി രൂപ നീക്കിവച്ചു. 3 വർഷമായി അംഗീകാരം ലഭിക്കാത്ത എയിഡഡ് സ്ക്കൂൾ ടീച്ചർമാർക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയുള്ള നടപടിയും പ്രൊട്ടക്ടഡ് ടീച്ചർമാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനവും സ്വീകരിക്കണം. വടകരയിൽ ആർ.ഡി.ഒ. ഓഫീസ് അടിയന്തിരമായി തുറക്കാനുള്ള സാമ്പത്തിക ക്രമീകരണം ഉണ്ടാകണം.

<u>ശ്രീ. പി. ജയരാജൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തോട് എല്ലാ മേഖലകളിലും അവഗണനയാണ് കാണിച്ചി ട്ടുള്ളത്. കേരളത്തിന്റെ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചു. തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം, ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതി

ക്കുള്ള വിഹിതം, യൂറിയയ്ക്ക് നൽകിയിരുന്ന സബ്സിഡി എന്നിവയും വെട്ടിക്കുറച്ചു. കേന്ദ്രബഡ്ജറ്റിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുള്ള തുകയും ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്ര പൊതു മേഖലാ നിക്ഷേപം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഉത്തരവാദി ത്വത്തിന്റെ ഭാഗമായി സംസ്ഥാന ബഡ്ജറ്റിൽ മലബാർ പാക്കേജ് പ്രഖ്യാപി ക്കുകയും കുട്ടനാട്, ഇടുക്കി പാക്കേജുകൾക്കാവശ്യമായ സഹായം നൽകു മെന്ന് പറയുകയും ചെയ്തിട്ടുണ്ട്. പാവപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾ 250 രൂപയാക്കി വർദ്ധിപ്പിച്ചു. പശ്ചാത്തല സൗകര്യ വികസന പാക്കേജ് പ്രഖ്യാപി ക്കുകയും സ്വകാര്യ സംരംഭകർക്കുകൂടി പങ്കാളിത്തം നൽകുകയും ചെയ്തു. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള പ്രവർത്തനത്തോടൊപ്പം നിക്ഷേപം വർദ്ധിപ്പിക്കാനുള്ള സൗകര്യമൊരുക്കുക യാണ് ചെയ്തിട്ടുള്ളത്. കാർഷിക മേഖലയിൽ വേണ്ടത്ര വളർച്ച ഉണ്ടായിട്ടി ല്ലെങ്കിലും വ്യവസായ രംഗത്ത് പുരോഗതിയും നിക്ഷേപ സൗഹൃദ അന്തരീക്ഷവും ഉണ്ടായിട്ടുണ്ടെന്നാണ് സാമ്പത്തിക സർവ്വേ റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. ദിനേശ് ബീഡിത്തൊഴിലാളികൾക്ക് 45 വയസ്സ് കഴിഞ്ഞാൽ പെൻഷൻ അനുവദിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. പുകവലി നിരോധന നിയമത്തിന്റെ ഫലമായി പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ഗ്രാറ്റ്യുവിറ്റി നൽകണം. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തണം. തികച്ചും വ്യത്യസ്തമായിട്ടുള്ള ഒരു വികസന തന്ത്രമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിലൂടെ കാഴ്ചവച്ചിരിക്കുന്നത്.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളെല്ലാം കേന്ദ്രഗവൺമെന്റിന്റെ ധന സഹായത്തോടുകൂടിയുളളതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതി പൂർണ്ണ മായും കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. എൻ.ആർ.എച്ച്.എം-ന്റെ ഫണ്ട് ഉപയോഗിച്ചാണ് പൊതുജനാരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ നടത്തുന്നത്. വിദ്യാഭ്യാസ വകുപ്പ് കുട്ടികൾക്ക് സൗജന്യ പാഠപുസ്തകവും ഉച്ചഭക്ഷണവും നൽകുന്നത് കേന്ദ്ര സർക്കാർ സർവ്വശിക്ഷ അഭിയാനിലൂടെ നൽകുന്ന പണം ഉപയോഗിച്ചാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കകം 40,000 കോടി രൂപയുടെ നിക്ഷേപമുണ്ടായതും വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ നടപ്പിലാക്കാൻ കഴിഞ്ഞതും കേന്ദ്രത്തിന്റെ സഹായത്തോടെയാണ്. വിഴിഞ്ഞം തുറമുഖം പദ്ധതി നടപ്പിലാക്കുന്നതിലും അംഗീകാരം കിട്ടിയ കുട്ടനാട് പാക്കേജിന് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഉല്പാദനക്ഷമതയും കൃഷിഭൂമിയുടെ വിസ്തീർണ്ണവും വർദ്ധിപ്പിക്കാനോ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ സംഭാവന കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ മെഡിക്കൽകോളേജുകളുടെ വികസനത്തിനുവേണ്ടി നബാർഡ് അനു വദിച്ച തുകപോലും ചെലവഴിക്കാൻ സാധിച്ചില്ല. കാര്യനിർവ്വഹണത്തിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. പൊതുമരാമത്ത് വകുപ്പിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക ലാന്റ് അക്വിസിഷനുപോലും അപര്യാപ്തമാണ്. നടപ്പാക്കാൻ കഴിയാത്ത രീതിയിലുള്ള പദ്ധതി പ്രഖ്യാപനങ്ങളാണ് നടത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി. എം.ജി.എസ്.വൈ. ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പല

വികസന പ്രവർത്തനങ്ങളും സംസ്ഥാന ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കാത്തതുകൊണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി.എൻ. വാസവൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളുടേയും പ്രശംസ പിടിച്ചുപറ്റുന്ന ബഡ്ജറ്റാണിത്. മഹാത്മാഗാന്ധിയുടേയും ക്രിസ്തുവിന്റെയും കാറൽ മാർക്സിന്റെയും ദാർശനിക വീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അടുത്ത ബഡ്ജറ്റിൽ കേരളത്തിന്റെ ധനക്കമ്മി പൂജ്യത്തിലെത്തിക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. ധനകമ്മി നികത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ സഹായം വാങ്ങിയെടുക്കുന്നതിനുവേണ്ടി കൂട്ടായ ശ്രമം നടത്തുന്നതിനുപകരം സംസ്ഥാന ഗവൺമെന്റിനെ കുറ്റം പറയുന്ന സമീപനം പ്രതിപക്ഷം ഉപേക്ഷിക്കണം. 1998 മുതൽ 2004 വരെയുള്ള വർഷങ്ങളിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അനുവദിച്ച 66 കോഴ്സുകൾക്ക് ആവശ്യമായ റെഗുലർ തസ്തികകൾ അനുവദിക്കണം. സഹകരണ മേഖലയിൽ കൂടുതൽ സബ്സിഡി കൊടുക്കാനാവശ്യമായ തുക വകയിരുത്തണം. കാർഷിക സർവ്വകലാശാലയെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അടുത്ത പത്ത് വർഷത്തേയ്ക്ക് നാലായിരം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സർക്കാരിന്റെ ലക്ഷ്യം കൂടുതൽ വ്യവസായികൾ കേരളത്തിലേയ്ക്ക് കടന്നുവരാൻ സാഹചര്യമൊരുക്കുന്നതാണ്. ഡയറി ഡെവലപ്മെന്റിനുവേണ്ടി 74 കോടി രൂപ നീക്കിവച്ചിരിക്കുന്നത് ശ്ലാഘനീയമാണ്. പ്രവാസി മലയാളികൾക്കുവേണ്ടി ക്ഷേമപദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത് സ്വാഗതാർഹ

മാണ്. കോട്ടയത്ത് ഒരു കോടതി സമുച്ചയം നിർമ്മിക്കാനാവശ്യമായ തുക വകയിരുത്തണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇതൊരു വികസനോൻമുഖമായ ബഡ്ജറ്റാണ്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കു മാത്രമല്ല, മൽസ്യത്തൊഴിലാളികൾ, ദുർബല വിഭാഗങ്ങൾ, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് രണ്ടു രൂപയ്ക്ക് അരി കൊടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഡാമുകളിൽനിന്നുള്ള മണൽ വിൽക്കുന്നതുമൂലം 300 കോടി രൂപയുടെ അധിക വിഭവ സമാഹരണത്തിനുള്ള സർക്കാരിന്റെ ശ്രമം ശ്ലാഘനീയമാണ്. സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വിധത്തിലുള്ള ഒരുപാട് നല്ല പദ്ധതികൾ സംസ്ഥാന ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. സാമ്പത്തിക മാന്ദ്യത്തെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള ആർജ്ജവവും സംസ്ഥാന ഗവൺമെന്റിനുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ലോകത്തെയാകെ സാമ്പത്തിക മാന്ദ്യം ഗ്രസിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെ അതിജീവിക്കുന്നതിനുള്ള ലോക രാഷ്ട്രങ്ങളുടെ സകല പരിശ്രമങ്ങളും പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ് ചരിത്രത്തിലാദ്യമായി തികച്ചും വ്യത്യസ്തമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്. ധനകാര്യ മാനേജ്മെന്റിലൂടെ ദീർഘവീക്ഷണത്തോടുകൂടിയ പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ട് നികുതിരഹിതമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ സംസ്ഥാനത്തെ അവഗണിച്ചിരിക്കുകയാണ്. നികുതി വരുമാനത്തിൽ 60000 കോടി രൂപയുടെ കുറവ് പ്രതീക്ഷിച്ചിട്ടുള്ള ബഡ്ജറ്റ്

കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചപ്പോൾ സംസ്ഥാന ബഡ്ജറ്റിൽ 23 ശതമാനം നികുതി വർദ്ധനവാണ് പ്രഖ്യാപിച്ചിട്ടുള്ളത്. വിദേശത്തുനിന്നും ജോലി നഷ്ട പ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്നവർക്കായി ക്ഷേമപദ്ധതികൾ നടപ്പിലാക്കാനുള്ള പ്രഖ്യാപനവും സംസ്ഥാന ബഡ്ജറ്റിലുണ്ട്. പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് അംഗീകരിച്ചതിൽനിന്നും 840 കോടി രൂപ കുറച്ചേ 2009-2010 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുകയുള്ളൂവെന്ന് കേന്ദ്ര ബഡ്ജറ്റിൽ പറയുന്നുണ്ട്. 6 ശതമാനം റവന്യൂ കമ്മിയാണ് കേന്ദ്ര ബഡ്ജറ്റിലെന്ന് പരസ്യമായി പറയുന്നുണ്ടെങ്കിലും 9 ശതമാനം കമ്മി വരുന്ന ബഡ്ജറ്റാണ് കേന്ദ്രം അവതരിപ്പിച്ചിരിക്കുന്നത്. ടൺ കണക്കിന് അരിയും ഗോതമ്പും ഗോഡൗണുകളിൽ കെട്ടിക്കിടക്കുമ്പോഴും സംസ്ഥാന വിഹിതം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച റെയിൽവേ ബഡ്ജറ്റിലും സംസ്ഥാനത്തോട് കടുത്ത അവഗണനയാണ് കാണിച്ചിട്ടുള്ളത്. നാല് വർഷംകൊണ്ട് 90000 കോടി രൂപ റെയിൽവേ ലാഭമുണ്ടാക്കിയെന്ന് പറയുന്നുണ്ടെങ്കിലും സംസ്ഥാനത്തിന് ഒന്നുംതന്നെ നൽകിയില്ലെന്നുള്ളത് തികച്ചും ഖേദകരമാണ്. ചരക്കുകൂലി എട്ട് ശതമാനമായി വർദ്ധിപ്പിച്ച നടപടിയും നിർഭാഗ്യകരമായിപ്പോയി. സംസ്ഥാന ഗവൺമെന്റ് നികുതി പിരിവ് ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു. ഡെവലപ്മെന്റൽ ചെലവുകൾ വർദ്ധിപ്പിക്കുകയും നോൺ ഡെവലപ്മെന്റൽ ചെലവുകൾ കുറ യ്ക്കുകയും ചെയ്തു. കടത്തിന്റേയും പലിശയുടേയും വളർച്ചാ നിരക്ക് കുറഞ്ഞു. ബി.പി.എൽ.കാർക്ക് രണ്ട് രൂപയ്ക്കും മറ്റുള്ളവർക്ക് 14 രൂപയ്ക്കും അരി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ വിതരണം ചെയ്യുന്ന മറ്റ് സാധനങ്ങൾക്കും

സബ്സിഡി നൽകാൻ തീരുമാനിച്ചതും ഭക്ഷ്യസുരക്ഷ പദ്ധതിക്ക് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. പച്ചക്കറി വിപണനത്തിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെല്ലുൽപാദനത്തിനുള്ള തുക വർദ്ധിപ്പിച്ചു. വിവിധ സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചു. വിവിധ സ്ഥാപനങ്ങളിൽ നിന്ന് എസ്.സി/എസ്.ടി, പരിവർത്തിത ക്രൈസ്തവർ എന്നിവർ എടുത്ത വായ്പയുടെ 25,000 രൂപ വരെ എഴുതിത്തള്ളാൻ തീരുമാനിച്ചു. വ്യവസായനിക്ഷേപം വർദ്ധിപ്പിച്ചു. സ്വകാര്യ നിക്ഷേപകരുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകണം. കെ.എസ്.ടി.പി. റോഡുകളുടെ സെക്കന്റ് ഫേസിന് ആവശ്യമായ പണം അടിയന്തിരമായി കണ്ടെത്തണം. 1500 കോടി രൂപയുടെ മലബാർ പാക്കേജ് സ്വാഗതാർഹമാണ്. ഖാദി-കൈത്തറി-ചെറുകിട വ്യവസായങ്ങൾക്ക് അധിക തുക വകയിരുത്തി. പ്രവാസി ക്ഷേമനിധി പാക്കേജ് സ്വാഗതാർഹമാണ്. റയിൽവേ ഡെവലപ്മെൻറ് കോർപ്പറേഷൻ കേരളത്തിന്റെ പുരോഗതിക്ക് സഹായകരമായിരിക്കും. ഭൂവുടമകളിൽ നിന്നും ഈടാക്കുന്ന പാട്ടത്തുക വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന മണ്ണ്, ചെളി എന്നിവ ശേഖരിച്ച് വിൽക്കുന്നതുവഴി വരുമാനം വർദ്ധിക്കുകയും പ്രതിസന്ധിയിലായ കളിമൺ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ സഹായിക്കുകയും ചെയ്യും.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ ഫലപ്രദമായ പൊളിച്ചെഴുത്ത് ആവശ്യമാണെന്ന് വ്യക്തമാക്കുന്ന ബഡ്ജറ്റാണിത്. ധനകാര്യ കമ്മീഷനുകൾ സ്വീകരിച്ചിരിക്കുന്ന സമീപനം കേരളത്തിന് ഗുണകരമല്ല. 2010-ൽ മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കുംവിധം വിഭവ സമാഹരണത്തിനും നികുതി വർദ്ധനവിനുമുള്ള കാര്യങ്ങളാണ് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ഉദാരവൽക്കര

ണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും ഭാഗമായി നടപ്പിലാക്കിയ നവലിബറൽ പരിഷ്ക്കാരങ്ങൾ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുത്തി. ഗ്രാമങ്ങളെ അവഗണിക്കുകയും നഗരങ്ങളിൽ വികസനം കേന്ദ്രീകരിക്കുകയും ചെയ്തതുവഴി രാജ്യത്തുണ്ടായ അസന്തുലിതാവസ്ഥയ്ക്ക് പരിഹാരം കാണണം. ഗ്രാമീണ ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞുവരുന്നത് ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. ഖാദി-ഗ്രാമ വ്യവസായങ്ങൾ പുനരുദ്ധരിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കണം. മുൻവർഷത്തേതിൽനിന്നും ഖാദി ഉൽപാദനം കൂടിയെങ്കിലും വിൽപന കുറഞ്ഞു വരുന്നത് ഉൽകണ്ഠാജനകമാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകുന്ന സഹായം ഖാദി-ഗ്രാമ വ്യവസായ മേഖലയ്ക്കും നൽകണം. ഖാദി ബോർഡിലേയും സെറിഫെഡിലേയും ജീവനക്കാരെ ത്രിതല പഞ്ചായത്തുകളിൽ പുനർവിന്യസിക്കുന്ന നടപടി ശ്രദ്ധേയമാണ്. ഖാദി സ്ലൈവർ, റോവിംഗ്, പനംശർക്കര, കൈതയോല ഉൽപന്നങ്ങൾ എന്നിവയെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് സ്വാഗതാർഹമാണ്. 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. ബി.പി.എൽ-ന് കിലോഗ്രാമിന് രണ്ടുരൂപയ്ക്കും മറ്റുള്ളവർക്ക് 14 രൂപയ്ക്കും അരി നൽകുന്നതും മാന്ദ്യവിരുദ്ധ പാക്കേജിന് തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. കേന്ദ്ര ബഡ്ജറ്റും റെയിൽവേ ബഡ്ജറ്റും കേരളത്തെ അവഗണിച്ചിരിക്കുകയാണ്. റെയിൽവേ വികസന ബോർഡും തീരദേശ വികസന കോർപ്പറേഷനും രൂപീകരിക്കാനുള്ള നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. കേന്ദ്ര ബഡ്ജറ്റിൽ പ്രവാസി മലയാളികളുടെ പുനരധിവാസത്തിനും സംരക്ഷണത്തിനുമുള്ള നടപടി ഒന്നുമില്ല. ജലസേചന പ്രവർത്തനങ്ങൾ ഉൾപ്പെടെ കുടിവെള്ള പദ്ധതികൾക്കായി തുക വകയിരുത്തിയതും

കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി പദ്ധതി പ്രദേശം കൃഷിയുക്തമാക്കാനുള്ള തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. ചെറുതും വലുതുമായ തുറമുഖ വികസന പ്രവർത്തനങ്ങൾ തീരപ്രദേശങ്ങൾക്ക് ആക്കം കൂട്ടുന്നതാണ്. കണ്ണൂരിലെ അഴീക്കൽ തുറമുഖ വികസനം, കിഴുന്നപ്പാറ, മുഴുപ്പിലങ്ങാട് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവ ശ്രദ്ധേയങ്ങളാണ്. ദിനേശ് ബീഡി ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി സ്വാഗതാർഹമാണ്. കൈത്തറി മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തി. കണ്ണൂർ ജില്ലാ സ്പിന്നിംഗ് മില്ലിന്റെ പുതിയ പരിപാടി, ടൂറിസം വികസനത്തിന്റെ ഭാഗമായി  പയ്യാമ്പലം, മുഴുപ്പിലങ്ങാട്, ധർമ്മടം, പൈതൽമല എന്നീ റോഡുകളുടെ വികസനം, കണ്ണൂർ വിമാനത്താവള പ്രദേശവുമായി ബന്ധപ്പെട്ട റോഡുകളുടെ വികസനം എന്നീ പ്രഖ്യാപനങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ഉപയുക്തമാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട സംസ്ഥാനാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന് 2000 കോടി രൂപയുടെ പദ്ധതി, ഭക്ഷ്യ സുരക്ഷ പദ്ധതി, ജലനിധി രണ്ടാംഘട്ട പ്രവർത്തനം, വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് 5 ലക്ഷം കണക്ഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കടബാധ്യത എഴുതിത്തള്ളുന്ന നടപടി, ട്രഷറിയുടെ  നിക്ഷേപം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രഖ്യാപനങ്ങൾ എന്നിവ സ്വാഗതാർഹമാണ്.

<u>ശ്രീ. കെ.വി. കുഞ്ഞിരാമൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ബഡ്ജറ്റാണിത്. ലോകം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിടുമ്പോൾ അതിനെ അതിജീവിക്കുന്നതിന് യാതൊരു സുരക്ഷാനടപടിയും കേന്ദ്രം കൈക്കൊണ്ടിട്ടില്ല. സമ്പന്ന വിഭാഗങ്ങളെ സഹായിക്കാനാണ് കേന്ദ്രം

ശ്രമിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ സാമ്പത്തിക നയത്തിൽനിന്നും വിഭിന്നമായ കാഴ്ചപ്പാടാണ് ഈ സർക്കാരിനുള്ളത്. ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ആനുകൂല്യങ്ങൾ കവർന്നെടുക്കാനും സമരരംഗത്തു വന്ന് ജീവനക്കാരേയും കൃഷിക്കാരേയും തമ്മിലടിപ്പിക്കാനുമാണ് മുൻ യു.ഡി.എഫ്. സർക്കാർ ശ്രമിച്ചിട്ടുള്ളത്. നികുതി വരുമാനം വർദ്ധിപ്പിച്ച് റവന്യൂ ചെലവ് 13 ശതമാനത്തിൽ നിലനിർത്താനാണ് ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുള്ളത്. റവന്യൂ ചെലവ് വെട്ടിച്ചുരുക്കി റവന്യൂ മിച്ചമുണ്ടാക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. നികുതി പിരിവിൽ വർദ്ധനവുണ്ടായാൽ മാത്രമേ ശമ്പളവും, പെൻഷനും, പലിശയും കൊടുക്കാൻ സാധിക്കുകയുള്ളൂ. നികുതി പിരിവ് സംവിധാനം ശക്തിപ്പെടുത്തി ഈ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്ത് ധനാഗമമാർഗ്ഗങ്ങളിൽ നടക്കുന്ന വമ്പിച്ച അഴിമതിയും വെട്ടിപ്പും ഇല്ലാതാക്കി. ട്രഷറിയിൽ സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 24 ശതമാനം വർദ്ധനവ് നികുതി പിരിവിൽ ഉണ്ടായി. 12-ാം ധനകാര്യകമ്മീഷന്റെ നിർദ്ദേശം കേരളം റവന്യൂ മിച്ചസംസ്ഥാനമായി മാറണമെന്നതാണ്. ജനങ്ങളുടെ സാമ്പത്തിക പരാധീനതകൾ പരിഹരിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. 2010-2011-ൽ കേരളം മിച്ചസംസ്ഥാനമായി മാറുമെന്ന വിശ്വാസമുണ്ട്. സംസ്ഥാനത്തെ പരിമിതമായ വരുമാനം എങ്ങനെ ചെലവഴിക്കുന്നു എന്നതാണ് മുഖ്യഘടകം. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യ സുരക്ഷ പദ്ധതിയിൻകീഴിൽ അസംഘടിത ജനവിഭാഗത്തെ കൊണ്ടുവരാൻ ഈ ബഡ്ജറ്റിലൂടെ കഴിയുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ 25000 രൂപവരെയുള്ള വായ്പ കുടിശ്ശികകൾ എഴുതിത്തള്ളാൻ തീരുമാനിച്ചു. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച

ആഗോള സാമ്പത്തിക നയത്തിന്റെ ഭാഗമായി അവതാളത്തിലായ പൊതു വിതരണ സംവിധാനം ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റ് ശ്രമിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വർക്കും കിലോയ്ക്ക് രണ്ട് രൂപ നിരക്കിലും മറ്റുള്ളവർക്ക് 14 രൂപയ്ക്കും അരി വിതരണം ചെയ്യാൻ തീരുമാനിച്ചു. ഭക്ഷ്യ സ്വയം പര്യാപ്തത നേടുന്നതിന് നെല്ല്, നാളികേരം തുടങ്ങിയവയുടെ ഉൽപാദനത്തിനും വിപണനത്തിനും കാർഷിക മേഖലയുടെ നവീകരണത്തിനും ബഡ്ജറ്റിൽ കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജും മലബാർ മേഖലയ്ക്ക് 1500 കോടി രൂപയുടെ പാക്കേജും പ്രഖ്യാപിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> ബഡ്ജറ്റിനെ എതിർക്കുകയാണ്. 2010-2011 ആകുമ്പോൾ കമ്മിയില്ലാത്ത ബഡ്ജറ്റ് അവതരിപ്പിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. വാറ്റിൽ നിന്നും മുദ്രപ്പത്ര വില്പനയിൽനിന്നും വരുമാനമുണ്ടാക്കുമെന്നാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. മുദ്രപ്പത്രവില നിർണ്ണയിക്കുന്നതിൽനിന്ന് റവന്യൂ വകുപ്പിനെ ഒഴിവാക്കിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസിലെ സൂപ്രണ്ടിന് അധികാരം നൽകിയിരിക്കുന്നത് ജനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യതയുണ്ടാക്കാൻ ഇടയാക്കും. സംസ്ഥാനത്തെ വിവിധ പദ്ധതികൾക്കുള്ള മുതൽമുടക്കുകൾ കൂട്ടിച്ചേർത്താണ് 10,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. മലബാർ മേഖലയിലെ പാലങ്ങൾ, റോഡുകൾ, കുടിവെള്ളം എന്നിവയ്ക്കുള്ള പദ്ധതികൾ കൂട്ടിച്ചേർത്താണ് 1500 കോടി രൂപയുടെ മലബാർ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിൽ പുറം ബണ്ട് നിർമ്മാണം, എ.സി.

കനാൽ നവീകരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കേന്ദ്രം പണം നൽകുമെന്നു പ്രഖ്യാപിച്ച ഒരു പ്രോജക്റ്റാണിത്. 11-ാം പഞ്ചവൽസര പദ്ധതിയിൽ പ്രതിപാദിച്ച പ്രസ്തുത പദ്ധതിക്ക് ഈ ബഡ്ജറ്റിൽ വീണ്ടും തുക വകയിരുത്തിയിരിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമല്ല. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ ബഡ്ജറ്റിൽ ഒരു നിർദ്ദേശവുമില്ല. അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നതിന്റെ പശ്ചാത്തലത്തിൽ പദ്ധതി ഈ വർഷം നടപ്പാക്കാൻ സാധിക്കില്ലെന്നറിഞ്ഞു കൊണ്ടുതന്നെ 8 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. പന്നിയാർ ദുരന്തം നടന്ന് ഒരു വർഷമായിട്ടും കേടായ ജനറേറ്റർ നന്നാക്കിയില്ല. അസംസ്കൃത വസ്തുവായ നാഫ്തയുടെ വില കുറഞ്ഞതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് വളം നിർമ്മാണ കമ്പനികൾക്കുള്ള സബ്സിഡി കുറച്ചത്. എൽ.ഡി.എഫ്. നേതൃത്വം എസ്.എൻ.സി. ലാവ്‌ലിൻ അഴിമതിയിൽ മുങ്ങി നിൽക്കുകയാണ്. വെറും പ്രഖ്യാപനങ്ങൾ മാത്രമുള്ള ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഒരു ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്ന് അർഹതപ്പെട്ട സഹായം ലഭിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാന ബഡ്ജറ്റിൽ ഫലപ്രദ മായ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്. മാന്ദ്യത്തിന്റെ പശ്ചാത്തല ത്തിൽ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് 500 കോടി രൂപയുടെ വായ്പ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള തീരുമാനം പ്രശംസനീ യമാണ്. കെ.എഫ്.സി.യിൽനിന്ന് എടുത്ത ലോൺ കൃത്യമായി അടച്ചുതീർക്കുന്നവർക്ക് പലിശ നിരക്ക് കുറച്ചു കൊടുക്കാൻ നടപടി സ്വീകരി ക്കണം. ആഗോള സാമ്പത്തിക പ്രതിസന്ധി ഏറ്റവുമധികം ബാധിച്ച ഐ.ടി.

പാർക്കുകളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ലാന്റ് അക്വിസിഷൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഭരണാനുമതി തുടങ്ങിയവയ്ക്ക് പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. ഇനിയും പൂർത്തിയായിട്ടില്ലാത്ത കുടിവെള്ള പദ്ധതികൾ ഈ വർഷംതന്നെ പൂർത്തീക രിക്കണം. കേരളത്തിൽ വന്ന് പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാ ളികളുടെ ആരോഗ്യ പരിരക്ഷ, അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, മരണാനന്തര ചെലവുകൾ എന്നിവയ്ക്ക് തുക നീക്കിവച്ചിരിക്കുന്നത് പ്രശംസ നീയവും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയുമാണ്. കൊച്ചിയിൽ ചുട്ടുകൊല്ല പ്പെട്ട മൂന്ന് അന്യസംസ്ഥാന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധന സഹായം നൽകണം. ഗൾഫിൽ നിന്ന് തിരിച്ചെത്തുന്ന മലയാളികൾക്കുള്ള ആശ്വാസഹസ്തമാണ് പ്രവാസി ക്ഷേമനിധി. ഇവരുടെ സി.ബി.എസ്.ഇ. സിലബസിൽ പഠിക്കുന്ന കുട്ടികൾക്ക് സി.ബി.എസ്.ഇ. സ്കൂളുകളിൽ പ്രവേശനം ഉറപ്പാക്കണം. അവർക്ക് കെ.എഫ്.സി. ലോൺ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. കൊളാറ്ററൽ സെക്യൂരിറ്റിയിലും ഇളവ് നൽകണം. മലപ്പുറത്തെ മഹാകവി മോയിൻകുട്ടി സ്മാരകത്തിന് 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കണം. അലിഗഡ് സർവ്വകലാശാല കാമ്പസിന് സ്ഥലമെടുക്കുന്ന തിനാവശ്യമായ ഫണ്ട് അനുവദിച്ച് അത് സമയബന്ധിതമായി പൂർത്തിയാ ക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പാവപ്പെട്ട വരുടെ സംരക്ഷണം ഉറപ്പാക്കുന്ന ബഡ്ജറ്റാണിത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും സഹായിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ പദ്ധതികൾ ഈ ബഡ്ജറ്റിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. ധനകാര്യ മാനേജ്മെന്റ്

ഭദ്രമാക്കി സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള കർമ്മ പദ്ധതികൾക്കാണ് ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് രണ്ട് രൂപയ്ക്ക് റേഷൻ അരി നൽകാനും വിലക്കയറ്റം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിന് മാവേലിസ്റ്റോർ വഴി 14 രൂപയ്ക്ക് അരി നൽകാനുമുള്ള പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ മുഴുവൻ പാലിക്കുന്ന രീതിയിലാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സേവന മേഖലയിൽ ഒരുപാട് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശമുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. 45 വയസ്സുകഴിഞ്ഞ് സ്വയം പിരിഞ്ഞു പോകുന്ന ദിനേശ് ബീഡി മേഖലയിലെ തൊഴിലാളികൾക്ക് 500 രൂപ പെൻഷൻ നൽകുന്ന പദ്ധതിയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ 25,000 രൂപവരെയുള്ള വായ്പ എഴുതിത്തള്ളാനുള്ള തീരുമാനവും ശ്രദ്ധേയമാണ്. ചെറുകിട ജലസേചന പദ്ധതി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. കാർഷിക സർവകലാശാലയിലെ ഗവേഷണ വിഭാഗം പരിപോഷിപ്പിക്കുകയും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സർവ്വകലാശാലയെ രക്ഷിക്കുകയും വേണം. കർഷകത്തൊഴിലാളികൾക്ക് 300 രൂപ പെൻഷൻ നൽകാൻ തീരുമാനിച്ചു. കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾ സമയബന്ധിതമായും കുടിശ്ശിക തീർത്തും കൊടുക്കുന്നതിന് സാമ്പത്തിക

സഹായം നൽകണം. പട്ടികജാതി കോളനികളിലെ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കണം. പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്ന ഐ.ടി.സി-കളിൽ പുതിയ ടെക്നോളജിയും കോഴ്സുകളും അനുവദിക്കണം. പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള നടപടികളും ബഡ്ജറ്റിലുണ്ട്.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ :</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഭക്ഷ്യ സബ്സിഡിയും തൊഴിലുറപ്പ് പദ്ധതി വിഹിതവും ഉൾപ്പെടെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ലോക സാമ്പത്തിക തകർച്ചയിൽനിന്നും ഇന്ത്യയെ രക്ഷിക്കാൻ ഒരു മാർഗ്ഗവും കേന്ദ്ര ബഡ്ജറ്റിലില്ല. വൻകിടക്കാർക്ക് നികുതിയിളവ് നൽകി കേന്ദ്ര ഖജനാവിന് നഷ്ടമുണ്ടാക്കി. കുത്തക മുതലാളിമാരെ പരിപോഷി പ്പിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ലോക സാമ്പത്തികത്തകർച്ചയിൽനിന്നും ഇൻഡ്യയെ രക്ഷിക്കാനുള്ള യാതൊരു നയവും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേന്ദ്ര ബഡ്ജറ്റിൽ മുതലാളിമാർക്കാണ് ആനുകൂല്യങ്ങളുള്ളതെങ്കിൽ കേരളത്തിലെ ബഡ്ജറ്റിൽ സാധാരണ ജനങ്ങൾക്ക് ആനുകൂല്യങ്ങൾ വാരിക്കോരി കൊടുത്തിരിക്കുക യാണ്. നെല്ലിന്റെ സംഭരണവില ഒരു കിലോഗ്രാമിന് 11 രൂപയാക്കി. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ ധീരമായ നിലപാടാണ് സംസ്ഥാനം സ്വീകരിച്ചത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള 500 കോടി രൂപയുടെ പദ്ധതി മറ്റ് പ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കണം. നാണ്യവിള കൾക്കുള്ള വിലസ്ഥിരത ഫണ്ടിൽ കൂടുതൽ തുക അനുവദിക്കണം. ദിനേശ് ബീഡിത്തൊഴിലാളികൾക്ക് 500 രൂപ പെൻഷൻ കൊടുക്കാൻ തീരുമാനിക്കു

കയും കർഷകത്തൊഴിലാളികളുടെ പെൻഷൻ 250 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. 32 ആദിവാസി കുട്ടികൾക്ക് മെഡിസിന് പഠിക്കാൻ അവസരമുണ്ടാക്കി. അഴീക്കോട് തുറമുഖത്തിലെ പൂഴി എടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സർക്കാർ ഭൂമിയുടെ പാട്ടത്തുകയും പോക്കുവരവ് ഫീസും വർദ്ധിപ്പിക്കണം. പുറമ്പോക്ക് ഭൂമിക്ക് പാട്ടത്തുക നിശ്ചയിച്ച് വരുമാനമുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അടയ്ക്ക കർഷകരെ സംരക്ഷിക്കണം. കഴിഞ്ഞ ഗവൺമെന്റ് വരുത്തിവച്ച സാമ്പത്തികത്തകർച്ചയിൽനിന്നും കേരളത്തെ രക്ഷിക്കാനാവശ്യമായ നയങ്ങളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വിഭവസമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ കേരളത്തിൽത്തന്നെ കണ്ടെത്താനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിനാവശ്യമായ സാമ്പത്തികസഹായങ്ങൾ കേന്ദ്രത്തിൽനിന്നും നേടിയെടുക്കാനുള്ള പോരാട്ടം നടത്തണം. കേരളത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നയങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്ന ബഡ്ജറ്റാണിത്.

ശ്രീ. കെ. ബാബു : ബഡ്ജറ്റിനെ എതിർക്കുന്നു. അയഥാർത്ഥ്യമായ കണക്കുകൾ നിരത്തി കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. രൂക്ഷമായ സാമ്പത്തികമാന്ദ്യത്തിൽനിന്നും ഈ ബഡ്ജറ്റിലൂടെ സർക്കാർ നയങ്ങൾ സാദ്ധ്യമാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. സംസ്ഥാനത്ത് വമ്പിച്ച തോതിലുള്ള മൂലധനനിക്ഷേപം ഉണ്ടാകുമെന്ന് പറഞ്ഞിട്ട് 2008-09-ലെ കണക്കനുസരിച്ച് പുതുക്കിയ മൂലധനനിക്ഷേപം 1692.01 കോടി രൂപയാണുള്ളത്. മൂലധനനിക്ഷേപം 2009-2010-ൽ 1709.15 കോടി രൂപയാണ്. 17 കോടി രൂപയുടെ

വർദ്ധനവാണ് മൂലധനനിക്ഷേപത്തിൽ വന്നിട്ടുള്ളത്. 20000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെങ്കിലും കേരളത്തിൽ നിക്ഷേപത്തിന് അനുകൂലമായ സാഹചര്യമല്ല ഉള്ളത്. കേന്ദ്ര ഗവൺമെന്റ് മാന്ദ്യം നേരിടാൻ പ്രഖ്യാപിച്ച 10000 കോടി രൂപയിൽ 5000 കോടി രൂപ കുടിവെള്ളത്തിനും ജലസേചനത്തിനും പൊതുമരാമത്ത് പണികൾക്കുമാണ്. 5000 കോടി രൂപ പ്രവർത്തനക്ഷമമല്ലാതായ ഹൗസിംഗ് ബോർഡിന് നൽകി ഭവനനിർമ്മാണത്തിനുള്ള ലോൺ കൊടുക്കുന്നത് കെ.എഫ്. സി. വഴി നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 500 കോടി രൂപയുടെ നാളികേര വികസനം, 1500 കോടി രൂപയുടെ മലബാർ പാക്കേജ് എന്നിങ്ങനെ പ്രഖ്യാപനങ്ങളല്ലാതെ യാഥാർത്ഥ്യബോധമില്ലാത്ത ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. പ്രയോറിറ്റി സെക്ടറായ ടൂറിസത്തിന് നടപ്പുവർഷത്തെക്കാൾ 32 കോടി രൂപ കുറച്ചാണ് നൽകിയിട്ടുള്ളത്. വളത്തിന്റെ സബ്സിഡി വെട്ടിക്കുറച്ചു. കാർഷിക മേഖലയിൽ ഉൽപ്പാദനം കുറഞ്ഞു. പ്രവാസികളെ ദുരന്തത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ട് കെ. എഫ്. സി. വഴി പാക്കേജ് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

സഭ വൈകുന്നേരം 3.36-ന് പിരിഞ്ഞു.

...........